"അല്ല, അല്ല. നമ്മൾ ഇപ്പോഴും കൊച്ചുകുഞ്ഞുങ്ങളാണോ ? വല്ലോരും കണ്ടാൽ—"

"എന്നാൽ—? എന്നാലെന്താണ് ?"

"വേണ്ട പാപ്പച്ചാ; ആളുകൾ വെറുതെ ചീത്ത പറയും. എന്നെ വിട്ടേക്കു."

"എന്തിന് ?"

അവൾക്ക് ഉത്തരമില്ല. അവൾ കിഴ്പ്പോട്ടും നോക്കി മിണ്ടാതെ നിന്നു. "അയ്യോ! അതാ ആരാണ്ടു വരുന്നു" അയാളുടെ കയ്യിൽ നിന്നു പിടഞ്ഞു മാറി, അവൾ വീട്ടിനുള്ളിലേക്ക് ഓടി മറഞ്ഞു.

അവൾ പോയ വഴിയേ, അയാൾ സ്വല്പനേരം നോക്കിക്കൊണ്ടു നിന്നു..............

ഹാ! കാലം എങ്ങനെ മറിഞ്ഞു മറിഞ്ഞു പോകുന്നു! പത്തു കൊല്ലം മുമ്പു! നിഷ്ക്കളങ്ക ഹൃദയരായി, അന്യോന്യം കൈമേൽ കൈയും പിടിച്ചു തുള്ളിച്ചാടിക്കളിച്ചുനടന്നിരുന്ന ആ കൊച്ചുകുട്ടികൾ! ഇന്നോ നവയൌവ

നവും വന്നു നാൾതോറും വളരുന്ന യുവതീയുവാക്കന്മാരാണ്!

നറുമണം പരത്തും പൂക്കളിറുത്ത്, കരളലിയുംവണ്ണം പാടിത്തകർത്ത്, കുളിരിളം തൈത്തെന്നലിൽ പുളകംകൊള്ളുന്ന എത്ര പുലർവേളകളാണ്, അവർ തെരുതെരെ ഭൂതകാലത്തിലേക്കു തള്ളിവിട്ടത്! ചൂടേറും നട്ടുച്ചവെയിലിൽ, തേനോലും മധുഫലം പൊഴിയും തേന്മാവിൻചുവട്ടിൽ, ഉരുണ്ടുവീണും, പിരണ്ടോടിയും, കഥപറഞ്ഞും എത്ര ദിവസങ്ങൾ അവർ കഴിച്ചു! കനകകരം തൂകി, പകലറുതിയിൽ ചേർന്ന പകലവന്റെ പുഞ്ചിരിപ്പൂ ഉച്ചെമ്പരുത്തിമലർ മാലകൾ ചാർത്തി, ആ കൊച്ചുമാടത്തിൻ ചുവട്ടിൽ, എത്ര സായാഹ്നവേളകളിൽ അവർ കഞ്ഞിയും കറിയുംവച്ചു കളിച്ചു!

ആ സംഭവങ്ങളെല്ലാം അയാളുടെ ഉള്ളിൽകൂടി നിമേഷമാത്രേണ പാഞ്ഞുപോയി! അതേ, ചലച്ചിത്രത്തിലെന്നപോലെ, ഹാ! പടുവികൃതിയായ പ്രകൃതി! ഒന്നുകൂടി പുറകോട്ടു തിരിഞ്ഞു നടന്നിരുന്നെങ്കിൽ! അയാൾ പലതും ആശിച്ചു. ചിന്തിച്ചു. അതോർത്താനന്ദിച്ചു.

*          *          *

കുലമഹിമ! ധനമഹിമ! ഇവ രണ്ടും ഒരുപോലെ മേളിക്കുന്ന വല്യവീട്ടിലെ സന്താനമാണ് ഫിലിപ്പ്. മേരിക്കുട്ടിയോ? അവരുടെ ദയാലേശത്താൽ മാത്രം കഴിഞ്ഞുകൂടുന്ന ഒരു ദരിദ്രകുടുംബത്തിലെ അംഗം! അവളുടെ അമ്മ, വല്യവീട്ടിലെ വേലക്കാരിയാണ്. അപ്പനോ? അവിടുത്തെ വേലക്കാരനും!

കുട്ടിക്കാലങ്ങളിൽ മേരിക്കുട്ടിയും ഫിലിപ്പും ഒരുമിച്ചു കളിച്ചു വളർന്നവരാണ്. സ്ഥാനവും മാനവും പിഞ്ചുഹൃദയങ്ങളിൽ ഉൾക്കൊള്ളുകയില്ല. അവിടം പരിശുദ്ധതയുടെ പ്രതിഫലനമാണ്.

മേരിക്കുട്ടി! അവൾ, പത്തും അഞ്ചുംപയസ്സു ചേർന്ന്, യൌവനത്തിന്റെ മണിമഞ്ചത്തിൽ ചാഞ്ചാടിക്കളിക്കാൻ തുടങ്ങുന്ന ഒരു കൊച്ചു പഞ്ചവർണ്ണക്കിളി! അവൾ ദരിദ്രകന്യകയാണ്. അല്ല, സമ്പന്നയാണ്. പണക്കൊഴുപ്പിലല്ല. അഴകൊത്തൊഴുകും മേനിക്കൊഴുപ്പിൽ! മികച്ച നൈസർഗ്ഗികസൌന്ദര്യം അവൾക്കു തികച്ചും കിട്ടിയിട്ടുണ്ട്. അതിൽ കൃത്രിമത്തിന്റെ ലാഞ്ഛനപോലുമില്ല.

ചുരുണ്ടുനീണ്ടിരുണ്ട കേശഭാരം, കറുത്തിരുണ്ടു നീണ്ടിടംപെട്ട കടമിഴി.........എന്തിന്? സർവ്വാംഗം സൌന്ദര്യസാരം വഴിഞ്ഞൊഴുകുന്ന ഒരു മോഹനിയാണവൾ!

പട്ടിൽ പൊതിഞ്ഞ്; പൌഡർ പൂശി; കാഞ്ചനാഭരണങ്ങൾ ചാർത്തി, ചിലർ വൈരൂപ്യം മറയ്ക്കുവാൻ ശ്രമിക്കും. എന്നാൽ—, കീറിത്തുടങ്ങി മുട്ടോളമെത്തുന്ന ഒരു കച്ചമുണ്ടും; കീറിയതെങ്കിലും, മാറുമറയ്ക്കാനുതകുന്ന ഒരു ചട്ട, ഇത്രമാത്രംകൊണ്ടുപോലും അവളുടെ സൌന്ദര്യകാന്തി വർദ്ധിച്ചതേയുള്ളു.

ആ ഗ്രാമത്തിലെ മുത്തശ്ശിമാർക്ക് അവളെ വലിയ കാര്യമാണ്. അവർ ചിലപ്പോൾ അവളെ "കന്യാമറിയം" എന്നു വിളിക്കും. യുവരസികന്മാർക്ക് അവളെ കാണുന്നതു് ? നയനോത്സവമാണ്.

അവളുടെ കൂട്ടുകാരികൾക്ക് അവളോട് അല്പം വിരോധമാണ്. അല്ല, അസൂയ. അവളുടെ പകുതി സൌന്ദര്യംപോലും അവർക്കില്ല. അവർ എത്ര നല്ല വേഷത്തിൽ പള്ളിയിൽ ചെന്നാലും— എല്ലാവരും നോക്കുന്നതു മേരിക്കുട്ടിയുടെ മുഖത്താണ്! അസൂയ തോന്നുന്നതു കുറ്റമാണോ?

അസൂയ! അതൊരു മഹാരോഗമാണ്. അധികവും ബാധിക്കുന്നതു പെണ്ണുങ്ങളെയാണ്. അസൂയയും പരദൂഷണവും ഇല്ലാത്ത പെണ്ണുങ്ങളില്ലെന്നു ഞാൻ പറയും.

അസൂയയ്ക്കും കഷണ്ടിക്കും മരുന്നില്ലെന്നു പഴഞ്ചൊല്ലുണ്ട്. പഴഞ്ചൊല്ലിൽ പതിരുണ്ടോ? എന്നാൽ, ഇന്നത്തെ വൈദ്യശാസ്ത്രവിശാരദന്മാർ കഷണ്ടിക്കു മരുന്നു കണ്ടുപിടിച്ചുകഴിഞ്ഞു. അതിന്റെ ഫലം? ഓ, അതു് ഉപയോഗിച്ചവർക്കേ അറിയാവൂ. ആവൂ! അസൂയയ്ക്കുകൂടി ആരെങ്കിലും ഒരു മരുന്നു കണ്ടുപിടിച്ചിരുന്നുവെങ്കിൽ—!!

അവളുടെ ഈ എളിയ നിലയും, എതിരുകുറയും അതിരുകവിയും അഴകൊഴുകും രൂപവിലാസവും കണ്ട്, ചിലർ പറയും "അയ്യോ! അവൾ പൊറുക്കാൻ പോന്നവളല്ല." വാസ്തവം! നല്ലതു ലോകത്തിൽ നീണ്ടു നിൽക്കുമോ?

അഥവാ? പ്രകൃതിക്ക് ഒരു വികൃതി, അല്ല, രഹസ്യം ഉണ്ട്. പരിമളധോരണി നാലുപാടും പരക്കുന്ന മോഹനപുഷ്പങ്ങൾ ഒരു ഘോരവനാന്തരത്തിൽ ഉണ്ടാകും. അവിടെ

തന്നെ നിന്ന് അവ വാടിക്കരിഞ്ഞു മണ്ണടിഞ്ഞു ചേരും!……………………

പാപ്പച്ചൻ, നവീനപരിഷ്ക്കാരിയായ ഒരു യുവാവ്. എന്തുകൊണ്ടും സൌഭാഗ്യസമ്പൂർണ്ണൻ. വയസ്സ് ഇരുപതു കഴിഞ്ഞതേയുള്ളു. ഇപ്പോൾ ജൂനിയർ ബി. എ-ക്കു വായിക്കുകയാണ്.

പണക്കാരായ ചില മാതാപിതാക്കന്മാർ പാപ്പച്ചനിൽ കണ്ണുവച്ചിട്ടുണ്ട്. എന്തിന്? പ്രായംതികഞ്ഞ പുത്രികൾക്കായി. സഹപാഠിനികളായ ചില 'രസിക തരുണി'കളും പാപ്പച്ചനിൽ കണ്ണെറിയാറുണ്ട്. ബി. എ-ക്കു ജയിച്ചാൽ നാലായിരം കൊടുക്കാമെന്നു വേറെ ചിലർ മുട്ടുന്നു!

എന്നാൽ, പാപ്പച്ചൻ ഇതേവരെ ലേലം സ്ഥിരപ്പെടുത്തിയിട്ടില്ല. അയാളുടെ മാതാപിതാക്കന്മാരും വാക്കൊന്നും കൊടുത്തിട്ടില്ല…

അയാൾ മദ്ധ്യവേനലൊഴിവിനു വീട്ടിൽ വന്നിട്ടു കുറച്ചു ദിവസമായി. കൂട്ടുകാരിൽനിന്നും പിരിഞ്ഞതുകൊണ്ടു രണ്ടുമൂന്നു ദിവസം നിരുന്മേഷനായി കാണപ്പെട്ടു. എങ്കിലും ബാല്യകാല സഖിയായ മേരിക്കുട്ടിയുടെ സാഹചര്യം അയാളെ കൂടുതൽ ഉന്മേഷചിത്തനാക്കി.

വിശ്രമവേളകളിലെല്ലാം അയാൾ അവളുടെ വീട്ടിൽ ചെല്ലും. എന്നാൽ—പാപ്പച്ചനെക്കണ്ടാൽ മേരിക്കുട്ടി വല്ല മുക്കിലും മൂലയിലും പതുങ്ങി ഒതുങ്ങി ഒളിക്കും. അതേ, അവൾക്കു വലിയ നാണമാണ്. അല്ല, ഭയം. അതുമല്ല, ഒരു……ഒരു …എന്തോ അവൾക്കു തന്നെ ഒന്നും അറിയാൻ പാടില്ല. പാപ്പച്ചൻ അവിടെനിന്നു പോകുമ്പോൾ—? അവൾ കതകിനു മറവിൽക്കൂടി ഒളിഞ്ഞുനോക്കും. പോയിക്കഴിഞ്ഞാൽ വല്ലായ്മയാണ്. നേരെ ചെല്ലാൻ മടിയുമാണ്.

* * *

പെൺകുട്ടികൾക്കു പ്രായമായാൽ—? അമ്മയ്ക്കു് ആധിയാണ്; അപ്പന്റെ സ്വൈരക്കേടാണ്; ബന്ധുജനങ്ങൾക്കു വിചാരമാണ്; വീട്ടിലോ? നിത്യവും വഴക്കാണ്.

ഒരുപക്ഷെ—ഇതു പണക്കാരെ ബാധിക്കയില്ലായിരിക്കാം. പാവപ്പെട്ടവരുടെ സ്ഥിതിയാണ്.

പകൽസമയം മുഴുവൻ ജോലിയെടുത്തു തളർന്ന ഭർത്താവ്, രാത്രിയിൽ സ്വല്പം വല്ലതും കഴിക്കാൻ ചെന്നിരിക്കുമ്പോൾ ഭാര്യ തുടങ്ങും:—"പിന്നെ, പെണ്ണിനെ ഇങ്ങനെ വച്ചോണ്ടിരുന്നാൽ മതിയോ? മൂത്തു നരച്ചു പോവൂല്ലേ? പിന്നെ ആരു വരാനാ? വേണ്ടപ്പം വേണ്ടതു ചെയ്തില്ലെങ്കി—"

എന്തിന്? ഭാര്യയും ഭർത്താവും 'അതും ഇതും' പറയും. വഴക്കു മൂക്കും. അപ്പോൾ ഭർത്താവു വേണ്ടതു ചെയ്യും. ഭാര്യയുടെ 'കരണക്കുററി'യും ഭർത്താവിന്റെ കൈയുമായി ഒരു കൂടിക്കാഴ്ച നടത്തും…………അയ്യോ! പെണ്ണുങ്ങൾക്ക്, ഇങ്ങനെ ആണുങ്ങളെ വഴക്കുകൂട്ടിക്കാൻ എന്തു സാമർത്ഥ്യമാണെന്നോ! ഇതെല്ലാം കണ്ടും കേട്ടും നില്ക്കുന്ന ആ സാധു പെൺകുട്ടി! അവളുടെ മനസ്സ് അപ്പോൾ ആധിപിടിച്ച് ഉരുകുന്നുണ്ടായിരിക്കും.

പ്രത്യേകിച്ചു സ്ത്രീധനമേർപ്പാടുള്ള സമുദായങ്ങളിൽ—! ഹാ! മാതാപിതാക്കന്മാർക്ക് ഇതുപോലെ വേറൊരു ദുരിതം ഉണ്ടാകാനില്ല. ഒരുപക്ഷേ, പെണ്ണു പിറക്കരുതെന്നുകൂടി അവർ പ്രാർത്ഥിക്കുന്നില്ലെന്ന് ആരറിഞ്ഞു? കഷ്ടം! സമുദായത്തിന്റെ ഈ ദുരാചാരത്താൽ എരിപൊരിക്കൊള്ളുന്ന സാധുക്കളുടെ മനോവേദന കാണുവാൻ മററുള്ളവർക്കു കണ്ണില്ലേ?! നിതാന്തനരകവേദനയ്ക്കടിമപ്പെടുന്ന നിസ്സഹായകളായ കന്യകകളുടെ കഷ്ടപ്പാടുകൾ കാണുവാൻ അവർക്കു കഴിയുകയില്ലെന്നോ!……..

മേരിക്കുട്ടിയുടെ വീട്ടിലും ഇങ്ങനെയുള്ള സംഭവങ്ങൾ അപൂർവ്വമല്ല. അപ്പനും അമ്മയും കുശുകുശുക്കുന്നതു് അവൾ കേൾക്കാറുണ്ട്. കശപിശ കൂടുന്നതു കാണാറുണ്ട്. അതെല്ലാം എന്തിനാണെന്ന് അവൾക്കറിയാം. അപ്പോഴെല്ലാം—? ഇററിററു വീഴാൻതുടങ്ങുന്ന കണ്ണീർകണങ്ങൾ അവൾ ആരും കാണാതെ തുടച്ചുകളയും.

മേരിക്കുട്ടി അവളുടെ മാതാപിതാക്കന്മാരുടെ ഏക സന്താനമാണ്. അവളുടെ സന്തോഷം മാത്രമാണ് അവരുടെ സന്തോഷം. അവളെ അനുരൂപനായ ഒരു വരനോടുകൂടി കാണുവാൻ അവർക്ക് അതിരററ ആശയുണ്ട്. അതിനുവേണ്ടി ആ സാധു പിതാവ് അളവററു ശ്രമിച്ചിട്ടുണ്ട്. ശ്രമിക്കുന്നുമുണ്ട്.

ചുട്ടെരിയുന്ന നട്ടുച്ചവെയിലത്തുപോലും—! അയാൾ പട്ടിണി കിടന്നു പണിയെടുക്കും. എന്തിന്? പണമുണ്ടാക്കാൻ! സ്ത്രീധനം കൊടുക്കാൻ!! മകളെ കല്യാണം കഴിച്ചു കൊടുക്കാൻ! അവളുടെ സന്തോഷം കാ

ണാൻ !!.........മനമെരിഞ്ഞും വയറു പൊരിഞ്ഞും അയാൾ ഇങ്ങനെ കുറച്ചു സമ്പാദിച്ചിട്ടുണ്ടു്. ഒരു നൂറിന്റെ വക !

തന്റെ നിലയ്ക്കൊത്ത പല ആലോചനകളും അയാൾ കൊണ്ടുവരും. അതനുസരിച്ചു് അവർ പെണ്ണുകാണുവാൻ വരുകയും ചെയ്യും. എല്ലാവർക്കും പെണ്ണിനെ ഇഷ്ടപ്പെടും. പക്ഷേ—പണത്തുകയോടടുക്കുമ്പോൾ— ? അവർ നെററി ചുളിച്ചു് അകലെ മാറും. ആലോചനയും അലസിപ്പോകും. കഷ്ടം! എത്ര ആലോചന അങ്ങനെ ആകാശത്തിൽ അടിഞ്ഞുകഴിഞ്ഞു !

ഹാ ! സമുദായത്തിന്റെ ക്രൂരകല്പന ! സ്ത്രീധനപ്പിശാചിന്റെ പേക്കൂത്തു് !! മാതാപിതാക്കന്മാരുടെ അതിരററ ആധി ! കന്യകാജനങ്ങളുടെ കണ്ണീർപൊഴിക്കൽ !! സമുദായാഭിമാനികൾ എന്നു സ്വയം അഭിമാനിക്കുന്നവർ ഇതു് അറിയുന്നുണ്ടോ ?

ഉയന്നു പെരുകി നിരാശയാൽ ആ സാധു പിതാവു ചിലപ്പോൾ പറയും "വല്ലെടത്തും പോയി തൊലെഞ്ഞെങ്കി—എന്റെ കത്താവേ."

എടോ ! സാധു മനുഷ്യാ, എന്തിനു കത്താവിനെ വിളിക്കുന്നു ? ഇന്നത്തെ ലോകത്തെപ്പററി തനിക്കെന്തറിയാം ? കത്താവിനാൽ അരുളിച്ചെയ്യപ്പെട്ട ലോകമല്ലിതു് !

പണത്തിന്റെ മിനുമിനുപ്പു കാണാൻ മാത്രം അവക്കു കണ്ണുണ്ടു്. കിലുകിലുക്കം കേൾക്കാൻ മാത്രം കാതുണ്ടു്. ഇവ കണ്ടും കേട്ടും അനുഭവിക്കാൻ മാത്രം കരളുമുണ്ടു്. അല്ലാതെ മറെറാന്നിനും അവക്കു്, കണ്ണില്ല ! കാതില്ല !! കരളില്ല !!!

സ്ത്രീധനം ! സമുദായാഭിമാനികൾ—സംസ്കൃതചിത്തരായ ചെറുപ്പക്കാർ—ഇനിയും ഈ ദുരാചാരത്തെ കെട്ടിപ്പിടിച്ചുവച്ചു പരിലാളിക്കുന്നുവെങ്കിൽ—! ഹാ !!

* * *

എരിഞ്ഞു കത്തിയിരുന്ന പകലവന്റെ കനകബിംബം, മാനത്തുനിന്നും തളന്നടന്നു്, പടിഞ്ഞാറെക്കടലിന്റെ അടിത്തട്ടിലേക്കു വീണു താണു.

ആ സമയം, മേരിക്കുട്ടി തന്റെ ചെററപ്പുരയുടെ വരാന്തയിൽ എന്തോ തുന്നിക്കൊണ്ടിരിക്കുകയായിരുന്നു. അവളുടെ അപ്പൻ ഇതേ വരെ വേല കേറി വന്നിട്ടില്ല. അമ്മ യജമാനവീട്ടിലുമാണു്.

അതാ ! അവളുടെ പുറകിൽക്കൂടി ഒരു തരുണൻ പതുങ്ങിപ്പതുങ്ങി വരുന്നു. അവൾ അതു് അറിയുന്നില്ല. അയാൾ അടുത്തുചെന്നു്, അവളുടെ കരിങ്കുവളമിഴികളെ ഇരുകൈകൾകൊണ്ടും പൊത്തിപ്പിടിച്ചു.

"അയ്യോ ! അയ്യോ !"-ഒരു അമന്ന പരിഭ്രമസ്വരത്തിൽ നിലവിളിച്ചുകൊണ്ടു് അവൾ അവിടെനിന്നു പിടച്ചെഴുന്നേററു.

"ഹാ ! ഹാ !! മേരിക്കുട്ടി പേടിച്ചുപോയി ഇല്ലേ ?" പാപ്പച്ചൻ പൊട്ടിച്ചിരിച്ചുകൊണ്ടു ചോദിച്ചു.

അവൾ മുഖം വീർപ്പിച്ചു നിന്നു.

"മേരിക്കുട്ടി, നീ എന്നോടു പിണക്കമാണോ ?"

"ഞാനോ ? എന്തിനാ പാപ്പച്ചാ ഞാൻ പിണങ്ങണെ." കൈയിലിരുന്ന സൂചിയും നൂലും ചട്ടയിൽ കുത്തിപ്പിടിപ്പിച്ചുകൊണ്ടു് അവൾ പറഞ്ഞു.

"അതല്ലേ ഞാനും ചോദിക്കുന്നതു്."

"പാപ്പച്ചനു ചുമ്മാ ഓരോന്നു പറയാം."

"ഞാൻ വെറുതേ പറയുന്നതാണോ? പിന്നെ നീയെന്തിനാണു്, ഞാൻ വരുമ്പോൾ ഓടിക്കളയുന്നതു്."

"പാപ്പച്ചൻ വല്യ ആളായില്ലേ ?"

"അതുകൊണ്ടു്—? നമ്മൾ ഒരുമിച്ചു കളിച്ചു വളന്നവരല്ലേ ?" അയാൾ, അവളോടു സ്വല്പംകൂടി അടുത്തുനിന്നു.

"അതൊക്കെ അതേ. പക്ഷേൽ, പാപ്പച്ചന്റെ നിലയെന്തു്, ഈ പിച്ചപ്പെണ്ണിന്റെ—"

"ഛേ ! നിലയും വിലയും മനുഷ്യൻ ഉണ്ടാക്കുന്നതു മാത്രമല്ലേ; മേരിക്കുട്ടി. ഇന്നത്തെ കുബേരൻ ? നാളത്തെ ദരിദ്രൻ !"

"എന്തിനാ ഇതൊക്കെ പറേണെ. എനിക്ക പാപ്പച്ചനുമായി പെരുമാറാൻ യാതൊരു ഗൊണോമില്ല. വല്ലവരും കേട്ടേച്ചാൽ—"

"അതുകൊണ്ടാണോ, എന്നെക്കണ്ടാൽ ഓടിക്കളയുന്നതു്."

തീച്ചയായും അല്ല. അതാ ! അവളുടെ ചന്തമേറിയ കണ്ണുകളിൽ ഒരു ലജ്ജാഭാവം സ്ഫുരിക്കുന്നു. അവൾക്കു വേറെ എന്തോ പറയണമെന്നു് ആഗ്രഹമുണ്ടു്. എന്നാൽ അതിനു

ധൈര്യപ്പെട്ടില്ല. അയാളുടെ മുഖത്തു നോക്കി നില്ക്കുക മാത്രം ചെയ്തു.

"മേരിക്കുട്ടി, ഞാൻ ഒരു കൂട്ടം ചോദിച്ചാൽ സത്യം പറയാമോ?"

"എന്തോന്നാ, പറയരുതോ."

"നിന്റെ അപ്പൻ, ഏതാണ്ടു കല്യാണക്കാര്യം ഇന്നു പറയുന്നതു കേട്ടല്ലോ. അതെന്താണ്?"

അവൾ ഒന്നു നടുങ്ങി. തൊണ്ട വരണ്ടു. ഭൂമി പിളർന്ന്, ഒന്നാകെ, അടിയിലേക്ക് ആണ്ടുപോകുന്നുവോ എന്ന് അവൾക്കു തോന്നി.

"ഓ, ഇപ്പോൾ മനസ്സിലായി. പുതുപ്പെണ്ണാകാൻ പോകുകയാണ്. അതുകൊണ്ടാണല്ലേ നാണം." ഒരു ചെറിയ മങ്ങൽ അയാളുടെ മുഖത്തു വ്യാപിച്ചതു് അവൾ കണ്ടില്ലായിരിക്കാം.

ചുഴിഞ്ഞു ചുഴിഞ്ഞു കയറുന്ന ഒരു വേദന—മൂർച്ചയേറിയ ഒരു കത്തി ഉള്ളിൽ കുത്തിയിറക്കിയതുപോലെ—അവൾക്ക് അനുഭവപ്പെട്ടു. മനസ്സിൽ കെട്ടിനിറുത്തിയിരിക്കുന്ന ആശയെല്ലാം ഇനിയെങ്കിലും പുറത്തു വിടണമെന്ന് അവൾ ആഗ്രഹിച്ചു. എന്നാൽ അവൾ തളർന്നു വിവശയായതേയുള്ളു.

"പറ—പാപ്പച്ചാ, ഞാ—ഞാൻ പോണു." അവൾ അപ്പുറത്തേക്കു പോകുന്നതിനു തിരിഞ്ഞു. കണ്ണിൽ കെട്ടിപ്പെരുകിയ ബാഷ്പബിന്ദുക്കളെ അയാൾ കാണാതെ തുടച്ചുകളഞ്ഞു.

"നില്ക്കൂ, മേരിക്കുട്ടി; ഞാൻ നിനക്ക് ഒരു കൂട്ടം കൊണ്ടുവന്നിട്ടുണ്ട്." അയാൾ, അവളെ പിടിച്ചുനിറുത്തി. പോക്കററിൽനിന്നും ഒരു ജോടി മുക്കുവള വെളിയിൽ എടുത്തു.

"കൈകൾ കാണിക്കൂ; ഞാൻ ഇടിക്കാം." അയാൾ പറഞ്ഞു.

അവൾ മടിച്ചു. ഇവ തന്റെ കല്യാണത്തിനുള്ള സമ്മാനമാണോ? അവൾ സംശയിച്ചു. പേടിച്ചു. "എന്താ, വേണ്ടേ?"

അവൾ ഒന്നും മിണ്ടിയില്ല. അനങ്ങിയില്ല. ക്ഷീണമുഖിയായി അയാളുടെ കണ്ണുകളിൽ നോക്കിക്കൊണ്ടു നിന്നു. പാപ്പച്ചൻ അവളുടെ കൈകൾ പിടിച്ചു മുമ്പോട്ടു നീട്ടി. അവൾ വിസമ്മതിച്ചില്ല. പക്ഷേ, ആ കോമളശരീരം ഒന്നു കോൾമയിർക്കൊണ്ടു. ആ പാണിതല്ലജങ്ങളിൽ അയാൾ സാവധാനം വളകൾ ഇട്ടു. എന്നിട്ട്—? ഓ! സാരമില്ല. യുവചാപല്യം മാത്രം. ആ കരപല്ലവങ്ങൾ ഒന്നു മന്ദമായി ചുംബിക്കുവാൻ—അല്ലാ! അതാ! അവൾ കൈ വിടുവിച്ച് ഓടിക്കളഞ്ഞു.

* * *

അന്നു മേരിക്കുട്ടിയുടെ അപ്പൻ, വേല കേറി നേരത്തേ വീട്ടിൽ വന്നു. അയാളുടെ മുഖത്തു സന്തോഷത്തിന്റെ ഒരു ചെറിയ ഛായ കാണ്മാനുണ്ടായിരുന്നു.

"എടീ ഏലിയാമ്മേ!" അയാൾ തന്റെ ഭാര്യയെ വിളിച്ചു പറഞ്ഞു. "പിന്നേ, കാര്യം ഏതാണ്ടൊക്കെയായി. നമ്മുടെ ചെറിയകാലായി തൊമ്മൻകുഞ്ഞേ, തൊമ്മൻകുഞ്ഞ് നൂററമ്പതിനു തമ്മതിച്ചു. ഓ, പിന്നെ ഇത്രേണ്ടു തടിമുഴപ്പുണ്ടെന്നുവച്ചാ. വേറൊരുത്തൻ വേണ്ടേ. പെണ്ണുങ്ങു വരുന്നുപോണു. ഇതു തന്നെ മതി. എന്റെ കർത്താവേ!......"

ആ 'കർത്താവേ!' എന്ന വിളി നൂറു നൂറു ആശ്വാസസമാധാനങ്ങൾ ലയിച്ചു ചേർന്നതാണ്.

അടുക്കളയിൽനിന്നു മേരിക്കുട്ടി ഇതെല്ലാം കേട്ടു. വ്യക്തമായിക്കേട്ടു. "ചെറിയകാലായി തൊമ്മൻകുഞ്ഞ്." അവൾ അയാളെ കണ്ടിട്ടുണ്ട്. കറുത്തിരുണ്ട ഒരു തടിയൻ. വായിൽ കൊള്ളാതെ പുറത്തേക്കു തള്ളിനില്ക്കുന്ന രണ്ടുമൂന്നു പല്ലുകൾ. ഇടുങ്ങി ചെറിയ കണ്ണുകൾ. ആ രൂപം! അവൾ വ്യക്തമായി മനസ്സിൽ കണ്ടു.

അവൾ പേടിച്ചു വിറച്ചു. അടുപ്പിൽ കത്തുന്ന തരത്തിൽ ഒരു തീയ് അവളുടെ ഉള്ളിലും കത്തിത്തുടങ്ങി.

ഹേ! നിർദ്ദയനായ മനുഷ്യാ! തന്റെ ഓമനസ്സന്താനത്തിന്റെ ഭാവിസുഖത്തെയാണോ താൻ ആശിക്കുന്നത്? അവളുടെ ആനന്ദമാണോ ആഗ്രഹിക്കുന്നത്? എന്നാൽ—ഇതിനേക്കാൾ ഭേദം—? ആ സാധു പെൺകുട്ടിയെ ബലികഴിക്കുകയാണ്!

കഷ്ടം! എന്തിന് അയാളെ കുററപ്പെടുത്തുന്നു? സമുദായത്തിന്റെ ക്രൂരനിയമം!.......

സുന്ദരമായ ഒരു ഭാവിയിലേക്കു മേരിക്കുട്ടി പലപ്പോഴും സഞ്ചാരിചെയ്യാറുണ്ട്. എങ്ങനെ? ആശയാകുന്ന ചെറുവിമാനത്തിൽ കയറി. എന്നാൽ, നിരാശയാകുന്ന ആ നെടുനീണ്ട കൊടുങ്കാററ്—? അവളെ അടിച്ചുപാറിച്ചു വീഴ്ത്തി. ദൂരെ ദൂരെ ഒരു പാഴ്മണൽക്കാട്ടിൽ കൊണ്ടുചെന്നു തള്ളി. കത്തിയെരിയുന്ന അവിടുത്തെ ചുടുകാററ് അവൾ

നിറിപ്പിടഞ്ഞു. എന്നാൽ, ഒരു രക്ഷാമാർഗ്ഗം അവൾ കണ്ടു! മരണം മധുരമെന്ന് അവൾ കരുതി!!

* * *

അർദ്ധരാത്രിയുടെ നടനരംഗം. ചിന്നിച്ചിന്നി പൊടിക്കുന്ന ചാററുമഴ. കുളിർമയേറുന്ന ഒരു ചെറുകാററു മന്ദമായി വീശുന്നു. ചിത്രകാരന്റെ തൂലികാചലനംകൊണ്ടെന്നപോലെ, കറുകറുത്ത മേഘശകലങ്ങൾ നീലാകാശത്തിൽ അങ്ങിങ്ങു പററിപ്പിടിച്ചിരിക്കുന്നു. അനന്തകോടി താരഗണങ്ങൾ, നിദ്രാധീനരെന്നോണം മിന്നി മിന്നിത്തിളങ്ങുന്നു.

മേരിക്കുട്ടി ഉറക്കറവിട്ടു മന്ദം വെളിയിലിറങ്ങി. അവളുടെ കണ്ണുകൾ വീങ്ങിയിരുന്നു. മുഖം മ്ലാനതയുടെ ഇരിപ്പിടമായിരുന്നു. കണ്ണീർപ്രവാഹത്തിന്റെ പാടുകൾ, ആ മൃദുലകവിൾത്തടങ്ങളിൽ വ്യക്തമായിക്കാണ്മാനുണ്ട്. അഴിഞ്ഞുലഞ്ഞ മോഹനക്കുന്തൽ പാറിപ്പറന്നു കിടക്കുന്നു.

അവൾ അടുത്തുള്ള കിണററിൻകരയിലേക്കു സാവധാനം നടന്നു ചെന്നു. എന്തു്?! ഈ അർദ്ധരാത്രി സമയത്തു് അവൾ പോകുന്നതു തിച്ചയായും വെള്ളംകോരുവാനല്ല.

അവൾ കിണററിന്റെ കരയിൽ ചെന്നിരുന്നു. കൈയിൽ കിടന്ന വളകൾ രണ്ടും ഊരിയെടുത്തു. ആ പവിഴാധരങ്ങളിൽ ചേർത്തു വികാരപൂർണ്ണയായി ഒന്നു ചുംബിച്ചു. ബാഷ്പബിന്ദുക്കളാകുന്ന വെൺമുത്തുകൾ അവയിൽ ധാരാളം ചേർത്തു. അവ താഴെവച്ചു. കണ്ണീർത്തുള്ളികൾ തുടച്ചുകളഞ്ഞു.

അവൾ കിണററിനുള്ളിലേക്കു് ഉററുനോക്കി. പൂനിലാവേററു പാൽക്കുഴമ്പുപോലെ തിളങ്ങുന്ന നിർമ്മലജലം കണ്ടു് ഒന്നു മന്ദഹസിച്ചു. കവിൾത്തടങ്ങൾ തുടിച്ചു. ഹാ! അതു് അണയാൻപോകുന്ന ദീപത്തിന്റെ പ്രകാശപ്രചുരിമ തന്നെയോ? നിറി നീറിക്കത്തുന്ന നിരാശത്തള്ളലിനാൽ അവൾ നെടുതായി നിശ്വസിച്ചു. എന്തോ സാവധാനം മന്ത്രിച്ചു. കരപല്ലവങ്ങൾ മാറോടു ചേർത്തു കൂപ്പി മിഴികൾ അടച്ചു.

ഒരു ഭയാനകത്വം! ലോകം നിശ്ശബ്ദമായി! വാനിൽനിന്നു താരകണങ്ങൾ കണ്ണുതുറിച്ചുനോക്കി! ആകാശവീഥിയിൽ പാറിക്കളിച്ചിരുന്ന വെള്ളിവലാഹകകൾ നിശ്ചലമായി! ശീതകിരണൻ കാർമേഘത്തിനിടയിൽ കൂടി സൂക്ഷിച്ചുനോക്കി!

മേരിക്കുട്ടി! അയ്യോ! സാഹസം!! അവിവേകം!!! ഹാ! അവൾ കിണററിലേക്കു കുതിച്ചുചാടി!!........അവളുടെ അന്ത്യമായ നിരാശകൾ, ചില വൻകുമിളകളായി വെള്ളത്തിനു മീതെ പൊങ്ങിവന്നു!..................

നക്ഷത്രക്കൂട്ടങ്ങൾ കണ്ണുകൾ ചിമ്മിയടച്ചു. കാർനിരകൾ കണ്ണീർപൊഴിച്ചു. മന്ദാനിലൻ ദീർഘമായി നിശ്വസിച്ചു. അമ്പിളിക്കല, മാനത്തുനിന്നു മേഘമാലയിലേക്കിടിഞ്ഞുവീണു. ഒരു കൊള്ളിമീൻ മിന്നി മറഞ്ഞു.

* * *

അതാ! ആ ശവക്കോട്ടയുടെ തെക്കുപടിഞ്ഞാറെ മൂലയിൽ ഒരു ചെറിയ ശവകുടീരമുണ്ടു്. അതു് ഒരു ദരിദ്രകന്യകയുടെ ശവകുടീരമാണു്. ഒരു പുണ്യസ്ഥലമാണു്! സ്ത്രീധനപ്പിശാചിനോടു പടവെട്ടി, കരുണാനിധിയായ കന്യാപുത്രന്റെ തിരുഹൃദയത്തിൽ ലയിച്ചുചേർന്ന ഒരു നിത്യകന്യകയുടെ പരിശുദ്ധാത്മാവു സുഖസുഷുപ്തികൊള്ളുന്ന ഒരു പുണ്യസ്ഥലം!

വിവാഹമംഗളകർമ്മത്തിന്റെ ആദിചടങ്ങായി, മനസ്സുചോദിക്കുവാൻ വരുന്ന യുവതീയുവാക്കന്മാരുടെ പുറകെ തിമിർത്തഹങ്കരിച്ചു വരുന്ന സ്ത്രീധനപ്പിശാചു് ഈ ശവകുടീരം കാണുമ്പോൾ—? ദൈവപുത്രനെ കണ്ട പിശാചിനെപ്പോലെ, പേടിച്ചോളിച്ചു് ഓടി മറയും! എവിടെനിന്നോ പരിപാവനസ്നേഹത്തിന്റെ ഒരു ശുദ്ധപ്രഭ അവിടെ വീശിച്ചോരിയും.

ആ ശവകുടീരത്തിന്റെ വെൺതളക്കല്ലിൽ ആരോ ഒരാൾ ചെങ്കല്ലുകൊണ്ടു് ഇങ്ങനെ എഴുതിയിരുന്നു. അതു വായിച്ചുനോക്കി പലരും കണ്ണീർ പൊഴിച്ചിട്ടുണ്ടു്.

"സമുദായത്തിന്റെ ക്രൂരനിയമങ്ങളിൽനിന്നും നിസ്സഹായകളും സാധുക്കളും ആയ പെൺകുട്ടികൾക്കു രക്ഷ നേടുവാൻ ഒരു മാർഗ്ഗമുണ്ടു്. അവൾ അതു് അനുകരിച്ചു!

ദാരിദ്ര്യം മാത്രമാകുന്ന സ്ത്രീധനവും കന്യകാത്വം മാത്രമാകുന്ന അലങ്കാരവുമുള്ള പെൺകുട്ടികൾക്കു് ഒരു യഥാർത്ഥകാമുകൻ ഉണ്ടു്. അവൾ അയാളെ അന്വേഷിച്ചറിഞ്ഞു!

അയാൾ സ്ത്രീധനം ചോദിക്കുന്നില്ല. സമ്പത്തിനെ ആദരിക്കുന്നില്ല, സൌന്ദര്യം സാരമാക്കുന്നില്ല!

അയാൾ ചിരംജീവിയാണ്. അയാളുടെ സ്നേഹത്തിനു് ഒരിക്കലും കുറവുവരുകയില്ല!

സമുദായനിയമങ്ങൾ അയാളെ ബാധിക്കുന്നില്ല. അയാൾ ആരെയും പേടിക്കുന്നില്ല! ഒരു ധീരവനിതയായി, അവൾ ആ കാമുകനെ അന്വേഷിച്ചറിഞ്ഞു. അഭയം നേടി!

ഇഹലോകത്തിലെ നിത്യ നരകത്തിൽനിന്നു അവൾ രക്ഷ നേടി. സ്വർഗ്ഗരാജ്യത്തു സ്ഥാനം പിടിച്ചു.

ആ നിത്യകന്യകയുടെ നിർമ്മലാത്മാവിനു നിരാമയൻ നിതാന്തശാന്തി നല്കട്ടെ!''

* * *

മൂവന്തിയും എരിഞ്ഞിറങ്ങി. കൂരിരുളും കേറിത്തുടങ്ങി. അതാ! ആ ശവകുടീരത്തിൽ ഒരു മെഴുകുതിരിവിളക്ക മങ്ങി മങ്ങി കത്തുന്നു. അതിനടുത്തു കൂപ്പുകൈകളോടുകൂടി ഒരു യുവാവും നില്ക്കുന്നുണ്ട്. അതു് ആരായിരിക്കാം?............................

രണ്ടു മുക്കവള! പാപ്പച്ചന്റെ പെട്ടിക്കകത്തു് ഇപ്പോഴും ഭദ്രമായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു! അതെന്തിനാണു്?

"സ്മാരകം"..............

K. R. Nair,
Vadayar.

---

## "ഭാവനയിൽ"

ആ വനസീമയിൽ പോകാൻ—കൊച്ചു
പൂവുകളൊത്തുലസിപ്പാൻ,
പാവനസ്നേഹം വഹിപ്പാൻ—സൗഖ്യ
കോവിലിൽ ദീപം കൊളുത്താൻ,
ജീവിതപ്പൂന്തേൻ സ്വദിക്കാൻ—പക്ഷേ
ഭാവന തന്നിൽ ലയിക്കാൻ,
എന്മനം പൊങ്ങിക്കുതിച്ചു—ഒരു
പൊന്മലർ വാടി രചിച്ചു.

പൊട്ടിച്ചിരിച്ചുകൊണ്ടോടും—നല്ല
കാട്ടാറിൽ മുങ്ങിക്കുളിക്കാം.
മഞ്ഞക്കിളികളുതിക്കും—സ്വച്ഛ
മഞ്ജുളഗീതം ശ്രവിക്കാം.
പൂവനവാടിക തന്നിൽ—കള
കോകില കാകളി കേൾക്കാം
പച്ചപ്പുൽപ്പട്ടു വിരിപ്പിൽ—ചെന്നു
സ്വേച്ഛാനുകൂലമിരിക്കാം.

ആട്ടുകളോടിടകൂടി—ചില
ആട്ടിടയന്മാർ ഗമിക്കും.
കാനന നിർഝരീതീരം—ഒരു
ആനന്ദത്തെന്നലിൽ മുങ്ങും.
ഗാനനിലീനനായ് ഞാനും—അപ്പോൾ
'മീന'യെ നോക്കിയിരിക്കും.
ഭാവന തന്നിലെൻ മീന—മന്ദം
ഭാവുകമാല്യവുമേന്തി
ദ്യോവിൽ നിന്നങ്ങു ഗമിക്കും—തന്റെ
ജീവേശസന്നിധി പൂകാൻ
മംഗളഗാനങ്ങൾ പാടി—ഒരു
സംഗീതദേവതയായി,
വന്നവൾ താഴത്തിറങ്ങും—വേഗം
വന്ദിച്ചു മാതലി പോകും.
ചില്ലിവില്ലൊന്നു വളച്ചെൻ—പ്രേമ
വല്ലിക നോക്കുമെൻ നേരേ!
ഭാവുകമാല്യമണിയി—ച്ചെന്റെ
ഭാവി റോസാപ്പൂ ചിരിക്കും !!!
സ്വച്ഛസൗഖ്യപ്രദമാകും—നിത്യ
നിർവ്വാണപ്രാപ്തരാം ഞങ്ങൾ !!

V. K. Ramakrishnan,
*Class I.*

---

# അന്ത്യദർശനം

തന്റെ പ്രേമാരാധകനും, ഹൃദയനാഥനുമായ രാജശേഖരനുമായുള്ള വിവാഹം അടുത്തു തന്നെ തിരുവനന്തപുരത്തുവെച്ചു നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം തെളിപ്പെടുത്തുന്ന കത്തു പിംഗളയ്ക്ക് അവളുടെ മാതാവിൽനിന്നു ലഭിച്ചു. ഉടൻതന്നെ അവൾ തന്റെ സഹപാഠിയും, ഹോസ്റ്റൽ സഹവാസിയും, ആത്മസുഹൃത്തുമായ റോസ്സിനെ സമീപിച്ചു സന്തോഷവർത്തമാനം അറിയിച്ചു. എന്നാൽ അപ്രതീക്ഷിതമായ മ്ലാനതയാണ് ആഹ്ളാദഭരിതയായ പിംഗള, റോസ്സിന്റെ മുഖത്തു ദർശിച്ചത്.

"പ്രിയപ്പെട്ട റോസ്സേ! നീ എന്താണ് എന്നോടുകൂടി സന്തോഷിക്കാത്തത്? നിന്റെ മൌനം എന്നിൽ പല സംശയങ്ങളെയും ഉല്പാദിപ്പിക്കുന്നുവെന്നു തുറന്നു പറയുന്നതിൽ ക്ഷമിക്കണം" എന്നു പിംഗള പറഞ്ഞു.

"എന്റെ പിംഗളേ!!" റോസ്സമ്മ മറുപടി പറഞ്ഞു, "നിന്നെപ്പോലെ തന്നെ എനിക്കുമുണ്ടായിരുന്ന ഹൃദയാരാധകൻ മറെറാരു ഭാഗ്യവതിയായ തരുണീരത്നത്തെ വിവാഹം കഴിക്കുവാൻ നിശ്ചയിച്ചിരിക്കുന്നതായി എനിക്കിന്നറിവുകിട്ടിയിരിക്കുന്നു. നിന്നോട് ഈ സങ്കടവർത്തമാനം എങ്ങനെ പറയേണ്ടു എന്നു ചിന്തിച്ചു വ്യാകുലപ്പെട്ടുകൊണ്ടിരിക്കുമ്പോഴാണ് നിന്റെ ആഗമനം. ഞാൻ എങ്ങിനെ സന്തോഷം പ്രദർശിപ്പിക്കും. എങ്കിലും നിനക്കുവേണ്ടി ഞാൻ സന്തോഷം അഭിനയിക്കുവാൻ ശ്രമിക്കാം. നീയെങ്കിലും സന്തോഷിക്കുക."

"അയ്യോ!" പിംഗള തൊണ്ട ഇടറിക്കൊണ്ടു പറഞ്ഞു, "സുരേന്ദ്രൻ വിവാഹം കഴിക്കുന്നുവോ? ഹാ! ആ ഭാഗ്യവതി എന്റെ റോസ്സല്ലാതെ മററാരാണ്? എന്റെ റോസ്സമ്മേ, ഞാൻ നിന്നോടു മുമ്പു പറഞ്ഞതു നീ ഓക്കുന്നുണ്ടോ? 'Look before you leap' എന്നു നിന്നോട് എത്ര പ്രാവശ്യം ഞാൻ ഉണദോഷിച്ചു? നീ അന്നു ശ്രദ്ധിച്ചില്ല. ഇപ്പോൾ പഠിച്ചു. ലോകം ഇപ്രകാരമാണ്. ലോകത്തിൽ ശാശ്വതമായി ഒന്നുംതന്നെയില്ല..............."

റോസ്സമ്മ കണ്ണുനീരോടെ ഇപ്രകാരം പറഞ്ഞു, "എടീ, പൂർവ്വകഥാകഥനംകൊണ്ട് എന്നെ വേദനിപ്പിക്കാതിരിക്കൂ. നിന്റെ അഭീഷ്ടസിദ്ധിയിൽ ഞാൻ അസൂയാലുവാകുന്നു. ഇനി ഞാൻ ഒരു സ്വതന്ത്രജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്നു. അവിവാഹിതയായി, സുരേന്ദ്രനെപററിയുള്ള മധുരസ്മരണയിൽ ഞാൻ എന്റെ ജീവിതം കഴിക്കും. എനിക്കു നിന്നോടൊരപേക്ഷയുണ്ട്. നിന്റെ ആദ്യത്തെ കുട്ടിയെ ആണാണെങ്കിൽ സുരേന്ദ്രൻ എന്നും, പെണ്ണാണെങ്കിൽ റോസ്സ് എന്നും നാമകരണം ചെയ്യണം. എനിക്കു ക്ഷീണം തോന്നുന്നു. ഞാൻ പോയി ഉറങ്ങട്ടെ."

*　　*　　*　　*

ഗണ്യമായ തറവാട്ടുസ്വത്തുക്കളൊന്നുംതന്നെയില്ലാത്ത സുരേന്ദ്രൻ, വിവാഹാനന്തരം വിദ്യാഭ്യാസത്തിൽ അശ്രദ്ധ പ്രദർശിപ്പിച്ചുവന്നത് അയാളുടെ നിർഭാഗ്യമെന്നേ പറയേണ്ടു. അയാളുടെ വിദ്യാഭ്യാസം പ്രശംസാർഹമായ പരീക്ഷായോഗ്യതകളൊന്നും കൂടാതെ അവസാനിപ്പിക്കേണ്ടിവന്നു.

കാലം കുറേ കഴിഞ്ഞു. അല്പമായുണ്ടായിരുന്ന സ്വത്തുക്കളെല്ലാം ജീവിതസന്ധാരണത്തിനു സുരേന്ദ്രൻ ചെലവാക്കി. മിക്കവാറും ദാരിദ്ര്യസ്ഥിതിയിലെത്തിയപ്പോൾ അദ്ദേഹം രോഗശയ്യയെ പ്രാപിക്കയും ചെയ്തു. തന്നെ ആത്മാർത്ഥമായി സ്നേഹിക്കുന്ന തന്റെ ഭാര്യ, ശാരദ, സമീപത്തുള്ള ധനവാന്മാരുടെ ഗൃഹങ്ങളിൽ ചെന്നു ചില്ലറ ജോലികൾ ചെയ്തു കിട്ടിവന്ന തുച്ഛമായ പ്രതിഫലംകൊണ്ടു സുരേന്ദ്രനെ ചികിത്സിക്കയും, വീട്ടുകാര്യങ്ങൾ നടത്തുകയും ചെയ്തുവന്നു. തൽഫലമായി സുരേന്ദ്രൻ രോഗവിമുക്തനായെങ്കിലും ജോലി ചെയ്യുന്നതിനു തക്ക ആരോഗ്യം അദ്ദേഹത്തിനുണ്ടായിരുന്നില്ല. അതുകൊണ്ടു ശാരദ തന്നെ വീട്ടുഭാരം കയ്യേല്ക്കേണ്ടിവന്നു. അവളുടെ സ്വഭാവവൈശിഷ്ട്യത്തെ അയൽവാസികളെല്ലാം പ്രശംസിക്കുകയും, അവൾക്കു മുടങ്ങാതെ ജോലികൾ കൊടുക്കുകയും ചെയ്തുവന്നു.

*　　*　　*　　*

ഇതിനിടയിൽ റോസ്സു, ഉയന്ന നിലയിൽ

എം. ബി. ബി. എസ്സ്. പാസ്സായിക്കഴിഞ്ഞു. ഗവര്‍മ്മെന്റ്സര്‍വ്വീസ്സില്‍ ലേഡിഡോക്ടരായി നിയമിക്കപ്പെട്ട മിസ്സ് റോസ്സമ്മ ദീനാനുകമ്പകൊണ്ടും, ചികിത്സാസാമര്‍ത്ഥ്യംകൊണ്ടും, ദാനതല്പരതകൊണ്ടും, തദ്ദേശവാസികളുടെ കണ്ണിലുണ്ണിയായിത്തീര്‍ന്നു. സാമാന്യം ധനസ്ഥിതിയും, അനന്യസാധാരണമായ സ്വഭാവശുദ്ധിയും ഉണ്ടായിരുന്ന മിസ്സ് റോസ്സമ്മയുടെ ഗൃഹത്തിലും ശാരദ ജോലി നോക്കിവന്നിരുന്നു. ശാരദയുടെ താഴ്മയുള്ള പെരുമാററങ്ങളും, മുഖം വിളിച്ചുപറഞ്ഞിരുന്ന കുലീനതാഭാവും കണ്ടു റോസ്സമ്മയ്ക്കു് അവളില്‍ അനുകമ്പ തോന്നുകയും, അവളെ ഒരു വാല്യക്കാരി എന്നുള്ള നിലയില്‍ കവിഞ്ഞു സ്നേഹിക്കുകയും ചെയ്തുവന്നു. റോസ്സമ്മയുടെ നിര്‍ദ്ദേശപ്രകാരം അവള്‍ മററുള്ള ഗൃഹങ്ങളിലെ ജോലികളെല്ലാം ഉപേക്ഷിച്ചു റോസ്സമ്മയുടെ പരിചാരികയായിത്തീര്‍ന്നു. അതിനു തക്ക പ്രതിഫലവും കിട്ടിവന്നു. കാലക്രമത്തില്‍ ശാരദ റോസ്സമ്മയുടെ ഒരു സഖിയെന്ന നിലയില്‍ എത്തിച്ചേര്‍ന്നുവെന്നു പറഞ്ഞാല്‍ കഴിഞ്ഞല്ലോ.

* * * *

ചികിത്സാവിദഗ്ദ്ധയായ റോസ്സമ്മയും രോഗബാധിതയായി. അവള്‍ ശാരദയെ വിളിച്ചു് ഇപ്രകാരം പറഞ്ഞു, "ഞാന്‍ ഇനി അധികദിവസം ജീവിച്ചിരിക്കുമെന്നു തോന്നുന്നില്ല. ഞാന്‍ വളരെ ധനികയാണെങ്കിലും എന്റെ ജീവിതത്തില്‍ ഈ നിമിഷംവരെ സുഖമനുഭവിച്ചിട്ടില്ല. എന്റെ ഹൃദയം നീറിനീറി ജീര്‍ണ്ണിച്ചുകൊണ്ടിരുന്നു. എന്റെ വിദ്യാഭ്യാസകാലത്തു് എനിക്കൊരു ഹൃദയവല്ലഭനുണ്ടായിരുന്നു. ആ വന്ദ്യപുരുഷന്‍ മറെറാരു സ്ത്രീയെ വിവാഹംചെയ്തു. അതിനാല്‍ ഞാന്‍ അവിവാഹിതയായി എന്റെ ജീവിതം കഴിച്ചു. അദ്ദേഹത്തെക്കുറിച്ചുള്ള സുന്ദരസ്മരണ എന്നില്‍ അനുദിനം ഉള്‍ക്കൊണ്ടിരുന്നു. എന്റെ മരണത്തിനു മുമ്പു് അദ്ദേഹത്തെ ഒന്നു ദര്‍ശിക്കണമെന്നു് എനിക്കതിയായ ആഗ്രഹമുണ്ടായിരുന്നു. എന്നാല്‍ എന്റെ അവസാനസമയം തീരെ അടുത്തിരിക്കുന്നു. അദ്ദേഹത്തെപ്പററി യാതൊരറിവുമില്ല. ഏതായാലും ഞാന്‍ എന്റെ വില്‍പത്രം എഴുതിവച്ചിട്ടുണ്ടു്. എന്റെ സ്വത്തില്‍ അധികപങ്കും അദ്ദേഹത്തിനാണു്. ശേഷമുള്ളതു് ആതുരശാലകള്‍ക്കും, ധര്‍മ്മാസ്പത്രികള്‍ക്കും, നിനക്കും ആയി വേര്‍തിരിച്ചിരിക്കുന്നു. അദ്ദേഹത്തെ ഒരുനോക്കു കാണാന്‍ സാധിച്ചിരുന്നുവെങ്കില്‍, ഹാ! സു.............."

ശാരദ സംഭ്രമചിത്തയായി. അവളുടെ കണ്ണുകളില്‍നിന്നും രണ്ടുതുള്ളി കണ്ണുനീര്‍ നിലംപതിച്ചതു് അവള്‍ അറിഞ്ഞില്ല. അവളുടെ യജമാനത്തിയുടെ ദുര്‍വിധിയെ അവള്‍ ശപിച്ചു.

* * * *

"ശാരദേ, ശാരദേ," റോസ്സമ്മ ദീനസ്വരത്തില്‍ വിളിച്ചു. "എന്റെ അന്ത്യനാഴികയില്‍ നീ എവിടെപ്പോയിരിക്കുന്നു? നീ ചെന്നു് ആ അലമാറി തുറന്നു് അതിലിരിക്കുന്ന ഫോട്ടോ ഇങ്ങെടുത്തുകൊണ്ടു വരൂ. ഇതാ താക്കോല്‍."

"കൊച്ചമ്മേ! കൊച്ചമ്മേ! ഞാന്‍ ഇവിടെത്തന്നെയുണ്ടു്." ശാരദ പറഞ്ഞു, "കൊച്ചമ്മ ഇന്നലെ പറഞ്ഞതെല്ലാം ഞാന്‍ എന്റെ ഭര്‍ത്താവിനോടു പറഞ്ഞു. അദ്ദേഹത്തിനു കൊച്ചമ്മയെ ഒന്നു കാണേണമെന്നു മോഹമുണ്ടു്."

റോസ്സമ്മ പറഞ്ഞു, "വരാന്‍ പറയൂ. നീ ചെന്നു ഫോട്ടോ എടുത്തുകൊണ്ടു വേഗം വരൂ."

സുരേന്ദ്രന്‍ മുറിക്കുള്ളിലേക്കു പ്രവേശിച്ചു. റോസ്സമ്മ കണ്ണുതുറന്നു നോക്കി—"സുരേ! സുരേ!" എന്നു വിളിച്ചുകൊണ്ടു ചാടി എഴുന്നേററു. എന്നാല്‍ അശക്തയായ അവള്‍ വീണ്ടും കിടക്കയിലേക്കു പതിച്ചു. സുരേന്ദ്രന്‍ അടുത്തുചെന്നു കിടക്കമേല്‍ ഇരുന്നു റോസ്സമ്മയുടെ ശിരസ്സു തന്റെ മടിയില്‍ വച്ചു, "റോസ്സേ" എന്നു വിളിച്ചു. അവള്‍ ഒന്നു മന്ദഹസിച്ചു. അവസാന മന്ദഹാസം—

ശാരദ അലമാറി തുറന്ന ഉടന്‍ തന്റെ ഭര്‍ത്താവിന്റെ ഫോട്ടോ മാല്യങ്ങളാല്‍ അലംകൃതമായി ഇരിക്കുന്നതു കാണുകയും, പുറകോട്ടു മറിയുകയും ചെയ്തു.

K. K. Thomas
*Class IV.*

# മരണം കാമ്യമോ?

മരണം എന്ന വാക്ക കേൾക്കമ്പോൾത്തന്നെ നമ്മുടെ ഹൃദയാന്തർഭാഗത്ത് ഒരിളക്കം—ഒരു ഭീതിയുളവാകുന്നു. "ഈ ലോകത്തിലന്താന്നെ, ഒരു സുഖവുമില്ല. എപ്പോഴും ദുഃഖം തന്നെ. വല്ല വിധത്തിലും ഈ ലോകം ഒന്നു കഴിച്ചുകൂട്ടിയാൽ മതി" എന്നു പല്ലവി പാടുന്ന താത്വികരും മരണത്തെ ഭയപ്പെടുന്നു.

നാം മരണത്തെ വെറുക്കുന്നതിനും ഭയപ്പെടുന്നതിനും പ്രധാനമായി രണ്ടു കാരണങ്ങൾ ഉണ്ട്. (1) ദുഃഖസമ്പൂർണ്ണമെന്നു പറയപ്പെടുന്ന ഈ ലോകത്തിലും ചില സുഖങ്ങളുണ്ട്. അവയെ ഉപേക്ഷിക്കുവാനുള്ള മടി. (2) ഞാൻ പല പാപങ്ങളും ചെയ്തിട്ടുണ്ട്, അതിനാൽ, മരണശേഷം സ്വർഗ്ഗത്തിൽ പ്രവേശനമില്ല, എന്നുതന്നെയല്ല നരകത്തിൽ പോകുകയും ചെയ്യണം. നരകത്തിലെ സ്ഥിതിയോ, എത്ര ഭയാനകം? അവിടെയുള്ളത്, "ചാകാത്ത പുഴുവും കെടാത്ത തീയും" അട്ട, പുഴു, മൂക്കൻപാമ്പ്, മുള്ളുമുരിക്ക്, ലോജിക്ക പഠിനം, പരിപ്പുകറി മുതലായവയാണ്. അത്രമാത്രമോ? അങ്ങോട്ടു തിരിഞ്ഞാൽ അടി ഇങ്ങോട്ടു തിരിഞ്ഞാൽ 'ഫയിൻ.' ഇങ്ങിനെയുള്ള ഒരു സ്ഥലത്തു പോകുവാൻ ആരെങ്കിലും ഇഷ്ടപ്പെടുമോ?

മനുഷ്യരെ വിഷാദാത്മകന്മാരെന്നും ശുഭപ്രതിക്ഷകരെന്നും രണ്ടായി തരംതിരിക്കാം. ഇവയിൽ ആദ്യവിഭാഗത്തിൽ ഉൾപ്പെട്ടവക്കാണ് മരണത്തെപ്പററി ഇത്ര ഭീതി. ശരിതന്നെ. മരണംമൂലം നാം നമ്മുടെ ഇഷ്ടജനങ്ങളോടും 'സുഖങ്ങളോടും' വേർപെടുന്നു. നരകത്തിലാണ് ചെല്ലുന്നതെങ്കിൽ, അവിടെ മൂക്കൻപാമ്പും പരിപ്പുകറിയും ഉണ്ട്. ഇതു വെറും, ഒരു വശം മാത്രമാണ്.

ലോകജീവിതം വളരെ ഭയങ്കരമായ ഒന്നത്രേ. എന്തെല്ലാം പ്രയാസങ്ങളാണ് നമ്മുടെ മുമ്പിൽ വായുംപൊളിച്ചു നില്ക്കുന്നത്? സ്വാതന്ത്ര്യം എന്നത് കണികാണുവാൻപോലുമുണ്ടോ? ശിശുപ്രായത്തിൽ, ഒരു മനുഷ്യനു അല്പസുഖം ലഭ്യമായേക്കാം. എന്നാൽ മൂന്നു നാലു വയസ്സു കഴിയുമ്പോൾ കുട്ടിയെ വിദ്യാലയത്തിലേക്കയയ്ക്കുന്നു. ആശാൻ അ, ആ — എന്നു നീട്ടി ഉച്ചരിക്കുമ്പോൾത്തന്നെ കുട്ടിയുടെ പകുതി ജീവനും പൊയ്പ്പോകുന്നു. കുട്ടി ചൊല്ലുന്ന 'ആ' യിക്ക് അല്പം നീളം കുറഞ്ഞുപോയാൽ, ആശാൻ ചൊറിയണവും കയറും നെരിപ്പോട്ടുമായി എത്തിക്കഴിയും. (ആശാന്മാരുടേയും നെരിപ്പോടിൻേറയും പ്രാമാണ്യം നിലച്ചിരിക്കുന്നതിനാൽ നമുക്ക ഈശ്വരനെ സ്തുതിക്കാം). കോളേജ് ക്ലാസ്സുകളിലെ വിദ്യാഭ്യാസം ഒരുവിധം 'പരമാനന്ദമാണ്.' ചൊറിയണംകൊണ്ടുള്ള അടി കിട്ടുമെന്നു തെല്ലും ഭയപ്പെടേണ്ട. അവിടത്തെ ശിക്ഷാക്രമം ഒന്നു വേറെയാണ്. "കട്ടവൻ നില്ക്കേ ഉളിഞ്ഞവൻെറ തലയാണു പോകുന്നത്." കോളേജ് വളപ്പിനകത്തെ പുല്ലിൻപുറത്തു 'ചെറുക്കൻ' ചവിട്ടിയാൽ 'അപ്പനു' രണ്ടു രൂപാ പിഴ. അത് ഒരുവിധം തരക്കേടില്ല. അങ്ങിനെ ഉപരിവിദ്യാഭ്യാസവും കഴിഞ്ഞു വിട്ടിലെത്താം..............................ആ പുരുഷനെ നാം വീണ്ടും കാണുന്നത്, ചൊറി പിടിച്ച രണ്ടുമൂന്നു കുട്ടികളും ക്ഷയംപിടിച്ച ഒരു ഭാര്യയുമായിട്ടാണെന്നു വിചാരിക്കുക. എന്താ, ഒരുവിധം സുഖം തന്നെയല്ലേ? സുഖദുഃഖസമ്മിശ്രമായ ഈ ലോകത്തിൽ ദുഃഖത്തിനാണ് കൂടുതൽ പ്രാധാന്യം എന്നു നിസ്സംശയം പറയാം. ഈ ദുഃഖങ്ങളിൽനിന്നുള്ള ഏക രക്ഷാമാർഗ്ഗം മരണം ഒന്നു മാത്രമാണ്.

ജീവിച്ചിരുന്നപ്പോൾ അസാദ്ധ്യമായിരുന്നതു പലതും മരണംകൊണ്ട്, മനുഷ്യർ സാധിച്ചിട്ടുള്ളതായി, ലോകചരിത്രം പരിശോധിക്കുന്ന ഏവക്കും മനസ്സിലാകും. ഉദാഹരണമായി തോമ്മസ് ബെക്കററിൻെറ ചരിത്രം തന്നെ പരിശോധിക്കാം. ഇദ്ദേഹം ഗംഭീരനായ ഹെൻറി രണ്ടാമനു എതിരായി, തൻേറയും തദ്വാര തൻെറ സഭയുടേയും സ്വാതന്ത്ര്യത്തിനുവേണ്ടി സധീരം പോരാടി. തൽഫലമായി ഇദ്ദേഹം രാജ്യത്തിൽനിന്നു ബഹിഷ്കൃതനായി എന്നു തന്നെയല്ല, ഇദ്ദേഹത്തിൻെറ ഉദ്ദേശ്യം സഫലമായതുമില്ല. എന്നാൽ രാജകിങ്കരന്മാരാൽ വധിക്കപ്പെട്ട ആ വിനാഴികയിൽത്തന്നെ ഇദ്ദേഹം ജയിച്ചു—സഭയുടെ സ്വാതന്ത്ര്യം പുനഃസ്ഥാപിച്ചു. അഹങ്കാരിയും ക്ഷിപ്രകോപിയുമായ ഹെൻറിയും മരണമടഞ്ഞ ഇദ്ദേഹത്തിൻെറ കബറിടത്തിന്നരികെ മുട്ടുകുത്തി.

ഒരു മനുഷ്യൻെറ ജീവിതത്തിൽ പലപല

തെറ്റുകളും ചെയ്തിരിക്കാം. അവയാണ് നമ്മുടെ കണ്ണുകളിൽ പതിയുന്നത്. എന്നാൽ ആ മനുഷ്യന്റെ മരണാനന്തരം, നാം ആ തെറ്റുകളെ ക്ഷമിക്കുകയോ അഥവാ മറക്കുകയോ ചെയ്യുന്നു എന്നു തന്നെയല്ല ഗുണഗണങ്ങളെ ഉത്ഘോഷിക്കുകയും ചെയ്യുന്നു.

"Martyr's blood is the seed of the Church" രക്ഷകനായി ക്രിസ്തുവിന്റെ ക്രൂശുമരണം കൊണ്ടത്രേ, പാപികൾക്കു രക്ഷയും ക്രിസ്തുസഭാസ്ഥാപനവും നടന്നത്. രക്തസാക്ഷികളായിത്തീന്ന, അദ്ദേഹത്തിന്റെ ശിഷ്യന്മാരുടെ മരണമത്രേ ക്രിസ്തുസഭയുടെ പുരോഗമനത്തിനു നിദാനമായിത്തീന്നത്.

പ്രതാപവാനായ ഹെൻറി അഷ്ടമൻ പോപ്പുമായി മത്സരിച്ചതിന്റെ ഫലമായി പ്രോട്ടസ്റ്റൻറുമതം ഉത്ഭവിച്ചു. ഹെൻറിയും അദ്ദേഹത്തിന്റെ പിൻഗാമിയായ എഡ്വേർഡ് സപ്തമനും ഈ മതത്തിന്റെ പുരോഗതിക്കുവേണ്ടി പല പരിശ്രമങ്ങളും ചെയ്തു. എന്നാൽ ഈ മതത്തിന്റെ ഉറപ്പിനും വളച്ചയ്ക്കും പ്രധാനമായി സഹായിച്ചത് മേരി മഹാരാജ്ഞി (Bloody Mary) യാണ്. അവർ നടത്തിയ കൂട്ടക്കൊലയാണ് പ്രോട്ടസ്റ്റൻറുമതത്തിന്റെ പുരോഗമനത്തിനു കൂടുതൽ സഹായിച്ചത്—വാളിനേല്പിക്കപ്പെട്ടവരുടെ മരണം തന്നെയാണ്.

സ്വാതന്ത്ര്യത്തിനുവേണ്ടി ആഗ്രഹിക്കാത്തതായി ഒരു മനുഷ്യനും ഇല്ല. നമുക്ക്—നമ്മുടെ ആത്മാവിന്, ജഡമയമായ ഈ കൂട്ടിൽനിന്നു ലഭിക്കുന്ന സ്വാതന്ത്ര്യമത്രേ മരണം.

ഈവിധമുള്ള മരണം കാമ്യമോ?

DEACON JACOB PARAYIL.

---

## ഏകാന്തതയിൽ

കുളിർനിലാവൊത്തു പവനനിലാടി
സുമസുശോഭിത ചെമ്പകം
കളകളസ്വനം തെളിവായ് കേൾപ്പിച്ചു
പുളകം പൂണ്ടു പതത്രികൾ
തരുനിരകളിൽ പടരും പൂവല്ലി
തരുവിനോടെ രമിക്കുന്നു.
ഒരു നിശ്ശബ്ദത—യൊരു പ്രശാന്തത—
യടവിയിൽ വിലസുന്നഹോ.
അഹഹ! കാണ്മതാമനുജനങ്ങൊരാൾ
ശിലയാൽ തീർത്ത വെണ്ണപ്പാവപോൽ
മഗധരാജനശോകനിപ്പുമാൻ
സകലലോകൈക കീർത്തിമാൻ
സകലക്കാരാധ്യൻ പ്രജകൾക്കീശ്വരൻ
മഹനീയഗുണമൂർത്തിമാൻ.
കലഹമുൾക്കൊള്ളും നഗരജീവിതം
കഠിനനാദത്തിൻ മാറ്റൊലി
മദതരം നരജീവി കൈക്കൊള്ളും
പെരിയ പൈശാചമുറവിളി
ഇടവിടാതെ മുഴങ്ങും ഭീകര—
ഭരണയന്ത്രത്തിൻ നാദവും
നിമിഷംതോറുമേയനുഭവിച്ചു താൻ
ഹൃദയം നീറി വലഞ്ഞഹോ
നിയതി താൻ തീർത്തയരമവാടിയിൽ
സുചിരം മേവാൻ കൊതിച്ചവൻ.

### II

കുസുമവല്ലികളഖിലം ചുംബിച്ചു
പവനനെത്തി—ഹർഷാവഹൻ
മയിലിണതാനുമിണയെയാരാഞ്ഞു
മൃദുലനാദമുയർത്തിച്ചു
പരിമളം വീശി കുളിർമയോലുന്ന—
യടവി നന്ദനോദ്യാനമായ്
പലപല ചിന്ത ഹൃദയത്തിൽ തട്ടി
ഭൂപനദാസൻ വശക്കേടായ്.
"പ്രിയ സഖിയോമൽ പ്രകൃതിയെന്തെ,ന്നി—
ലൊരുവിധത്തിലും കനിവില്ലേ?
അടവിയിലാടിൻ ഗതി നയിച്ചിട്ടു—
മിടയബാലനും, തടിനിയിൽ
ഹൃദയാഹ്ലാദത്താൽ ചെറുഗാനം പാട്ടു—
മെളിയ തോണിക്കാർ പലതരം
അനുനയോക്തികൾ പലതും ചൊല്ലി നീ—
യിവരെസ്സാദരമെതിരേല്പും
വിലസും നൽത്തൃണപരവതാനിയിൽ
സുമുഖസോദരർ മരുവുന്നു.
അഹഹ! യെൻവിധി പറവാൻ ദുസ്സഹം
ചുമതലാവൃതജീവിതം
സകലവും കാൺമു ദുരിതർ സ്വച്ഛത
മനുജരോദത്തിന്നാരവം.
എളിയതെങ്കിലുമൊരു സഹായമീ

ദുരിതക്കേകുവാനെന്മനം
പിടയുന്നു കാൺകതടയുവാനേതു
വലിയ ശക്തിയും നേരിടാ
പരസുഖത്തിനാൽ പരിതപിക്കുമ-
ക്കലുഷദുർമ്മതി മൂകരായ്
പരനായ് ജീവിതാർപ്പണഹിതത്തിനാൽ
ഹൃദയകൗതുകമരുളുവോർ
വസുധലക്ഷ്മിയാൾ ഹൃദയവാത്സല്യം
മുഴുകെ ചുംബിക്കുമാനരർ
ഉടരും ജീവിതമിനിമേൽ നേടുവാൻ
മനമേ നീയൊരുങ്ങിടടോ
അഖിലലോകവും പ്രചുരദീപ്തിയാൽ
സുചിരമാക്കും സൽപ്രേമമേ
ഇവനെ നിൻ ധർമ്മഭടനായ് ചേർത്തിടാൻ
ദയവു ചെയ്ക നീയോമലേ.”

## III

പെരിയ കുക്കുടധ്വനി മുഴങ്ങിനാൻ
പ്രിയമുഷസ്സിൻെറ വരവതായ്
സുകൃതം ചെയ്യോരായടപി താനുമേ
പുതിയ ജീവൻ കൈക്കൊണ്ടതായ്
വിലപെട്ടും തത്വപഠനം നല്കിയ-
യടവി വിട്ടവൻ യാത്രയായ്
മന്ദമാരുതൻ വീശി, യെന്തോരി
സുപ്രസന്നത വാനിതിൽ
പ്രേമഗാനം പൊഴിച്ചു നാലഞ്ചു
തത്തകൾ വൃക്ഷശാഖയിൽ.

T. S. VIJAYAN, PARUR.

---

# നിരാശയിൽ

(P. J. V.)

(ഒരു പൂർവ്വവിദ്യാർത്ഥി)

മന്ദമാരുത ലാളനയേല്ക്കുവേ-
കുന്ദവല്ലികളാടി പൂവാടിയിൽ
മന്ദമാനന്ദചിന്തകൾ തൻ സുഖ-
സ്യന്ദനത്തിലാണിപ്പോഴെന്നോമലാൾ
രാഗകോമളനാകുമരുണനോ-
സാഗരത്തിൻ കരയ്ക്കലാണന്നേരം
വേഗമാമേനി പുൽകാനണയുമാ-
രാഗിണി സന്ധ്യവീണു നിരാശയിൽ
ആ വിജനവനത്തിൽ വസിക്കുന്ന
പാവന വനദേവതയാണവൾ
പൂ വിതറി ലതകളവളുടെ
ചേവടികളിൽ പുഷ്പാഞ്ജലി ചെയ്‌വൂ
ഓമലാളിലലസംലസിക്കുമാ
ശ്യാമരമ്യമാം പൂം പട്ടുസാരിയിൽ
പൂമണം ചിന്നും മന്ദസമീരണൻ
പ്രേമനൃത്തം തകർക്കുന്ന ഭംഗിയിൽ
കാർകുഴലങ്ങൊഴിഞ്ഞു പുറവശം
കാണുവാനരുതാതെ കിടക്കവേ;
കാതരമാമുഖമൊരു നൈരാശ്യ–
ക്കാറു മൂടിയ ചന്ദ്രനായ് മാറവെ
അപ്പരവശ ചിന്തകൾ വീഴ്ത്തിയ
ബാഷ്പവാരിയിലാമഗ്നമാകവെ
തപ്തമാനസോൽഗാമിയാകും നെടു-
വീർപ്പുമുട്ടലിൽ മാറിടം തുള്ളവേ
ഞാനരികത്തു ചെന്നേനതേകാന്ത
ധ്യാനമഗ്നയറിഞ്ഞില തെല്ലുമേ
ഒട്ടുനേരമമ്മട്ടു വിജനത
വിട്ടുപോകാൻ മടിച്ചു നിന്നിടവേ
തൊട്ടു ഞാനാമൃദുലകരങ്ങളിൽ
ഞെട്ടിമാറി തൽസന്താപചിന്തകൾ
“അല്ല! താങ്കളോ ഞാനറിഞ്ഞില്ലേവം”
ചൊല്ലിനിർത്തിയ പ്രേമസ്വരൂപിണി
“വാരിധിയിങ്ങിരച്ചു കേറീടിലും
ഘോരമാമിത്തപസ്സിലറിയുമോ?”
എൻ കളിവാക്കു കേട്ടു നിശ്ശേഷയായ്
ചിന്ത പൂണ്ടവളോതി മറുപടി
“കഷ്ടം! ഈ നമ്മൾ കണ്ട സുഖസ്വപ്നം
നഷ്ടമായി ലഭിയാതിനിമേലിൽ ;
നട്ടു നമ്മൾ വളർത്തിയ പൂവല്ലി
കെട്ടുപോയി നിരാശ തൻ വേനലിൽ;
അസ്വതന്ത്രതയ്ക്കാഹാരമായിപ്പോ-
യല്പകാലത്തെയാശാമധുരിമ
ഇന്നലെക്കണ്ടൊരാവിജയങ്ങൾ താൻ
ഇന്നു നാമിപരാജയമായ്ക്കാൺമൂ!
മേലിലും നാമകലണം ദുർവ്വിധി–
ച്ചാലു കാണുന്നു നമ്മുടെ മദ്ധ്യത്തിൽ
സ്നേഹപ്പൂമധു വറ്റുകയില്ലേതു
ദാഹക വിഷജ്വാല കലന്നാലും
നിഷ്കളപ്രേമസൂനം വിയോഗത്തിൽ
ശുഷ്ക്കമാകയില്ലെന്നതും നിശ്ചയം

പോയാലും മമ ജീവിത ചിന്തയിൽ
ഭാവിയും ശോകസമ്പൂർണ്ണമാക്കാതെ"
കമ്പിതശബ്ദനിർഗ്ഗത വാചക-
മമ്പിലിങ്ങനെ കേട്ടു ഞാനസ്പഷ്ടം
സാന്ത്വനമൊന്നുമില്ലെനിക്കോതുവാൻ
ഭ്രാന്തമായെൻ മനമൊരു മാത്രയിൽ
ഹാ! കഠിനമെൻ ഭാവിയിൽ ഞാൻ ക
നാകമല്ലോ നരകമായ് മാറിയോ? (ണ്ട
ഭൂവിലുള്ള മധുരവികാരങ്ങൾ
ജീവിതത്തിൻ ദുരന്തസന്നാഹങ്ങൾ!
ആവൂ! മർത്ത്യനെ കൊല്ലാതെകൊല്ലുമീ-
യാഘാതികളീശ്വരസൃഷ്ടിയോ?
അല്ല നിശ്ചയം ലോകപിതാവിനി-
യല്ലൽ മക്കളിൽ ചേർക്കുവാൻ തോന്നു-
(മോ?

ഇങ്ങനെ ചിന്തിച്ചാശയറ്റങ്ങു ഞാൻ
നിന്നുപോയി നിശ്ചേഷ്ടനായ് തെല്ലിട

* * * *

* * * *

ഏവമൊട്ടു കഴിയവേ ഞാനൊരു
പാവയല്ലാതെ മർത്ത്യനായിടവേ
ക്രൂരികളിനെ പുൽകുന്ന പാരിന്റെ
ഘോരതമാത്രമുണ്ടെൻ സവിധത്തിൽ
ഭൂമിയെ നിത്യകാന്തിയിലപ്പോഴും
വ്യോമദീപങ്ങൾ മഗ്നമാക്കിടുന്നു.

---

ചെറുകഥ.

## കൊലപാതകിയുടെ അച്ഛൻ!

(എം. എൻ. നായർ, മൂവാറ്റുപുഴ)

ആ കനകഗോളം ആഴിയുടെ അടിത്തട്ടിൽ മറഞ്ഞത് ഞാൻ കണ്ടതേയില്ല. എങ്ങിനെയാണ് കാണുക? നയനമോഹനങ്ങളായ പല കാഴ്ചകളേയും സാകൂതം വീക്ഷിച്ചുകൊണ്ടിരുന്ന ഞാനുണ്ടോ സന്ധ്യയായതു അറിയുന്നു? എറണാകുളം 'ഇഷ്വിൻ പാക്ക്' കടൽക്കാറ്റിന്റെ സ്പർശനസുഖം അനുഭവിച്ചുകൊണ്ട് ഞാൻ ഒരു ബഞ്ചിൽ ഇരിക്കുകയായിരുന്നു. പാലൊളി വീശിക്കൊണ്ടിരുന്ന പൂർണ്ണചന്ദ്രൻ കായൽജലത്തിൽ ഒരു കാഞ്ചനച്ചേങ്കില നിർമ്മിച്ചു. ഹാ! എത്ര മനോഹരമായ ഒരു കാഴ്ച! അപ്പോഴാണ് സമയം അതിക്രമിച്ചു എന്നു ഞാൻ മനസ്സിലാക്കിയത്. സർവ്വത്ര നിശ്ശബ്ദം. ഹാ! കുറച്ചു മുൻപുവരെ പാക്കിൽ എന്തു ബഹളമായിരുന്നു. റേഡിയോ സംഗീതം ഒരു വശത്ത്. തരുണീമണികളുടെ കളകളാരവം വേറൊരിടത്ത്. കുസൃതികളായ ചെറുപൈതങ്ങളുടെ രോദനം വേറൊരു സ്ഥലത്ത്. കാമുകീകാമുകന്മാരുടെ സ്വൈരസല്ലാപം അന്യത്ര. എന്നാൽ ഇപ്പോഴോ? ഏകാകിയായ എനിക്കു ശ്രവിക്കാൻ കഴിഞ്ഞിരുന്നത്, കായൽജലത്തിലെ ചെറുകല്ലോലങ്ങൾ കുശലപ്രശ്നവ്യാജേന കൃഷ്ണശിലാതലങ്ങളെ സമീപിക്കുമ്പോൾ ഉണ്ടാക്കിക്കൊണ്ടിരുന്ന നേരിയ സ്വരം ഒന്നു മാത്രം.

ഞാൻ ലോഡ്ജിലേക്കു തിരിച്ചു. സൂർയ്യാസ്തമയം കഴിഞ്ഞുണ്ടായ ചന്ദ്രോദയം എന്നെ ചിന്താസമുദ്രത്തിന്റെ അടിത്തട്ടിലേക്കാഴ്ത്തി. ഒരുവന്റെ അധഃപതനത്തിൽ അപരന്റെ സന്തോഷം! പ്രകൃതിതന്നെ അതാണ് നമ്മെ പഠിപ്പിക്കുന്നത്. പിന്നെ മനുഷ്യന്റെ കാർയ്യം ചോദിക്കാനുണ്ടോ?

"എന്താ കുട്ടാ ഇത്ര താമസിച്ചേ? വെള്ളം ആറില്ലോ. വേഗം കുളിച്ച്ട്ട് വരണം ട്ടോ." ശങ്കുച്ചാർ ഒരു ശ്വാസത്തിൽ പറഞ്ഞുതീർത്തു. അപ്പോഴാണ് ഞാൻ താമസസ്ഥലത്തെത്തി എന്നറിഞ്ഞത്. "പാക്കിൽ പോയിരുന്നു അമ്മാവാ." ഇത്രയും മറുപടിയായി പറഞ്ഞു ഞാൻ കുളിക്കാൻ പോയി. സ്നാനം കഴിഞ്ഞു വന്നപ്പോഴേക്കും ശങ്കുച്ചാർ ചോറു വിളമ്പിയിരുന്നു. ഊണിനിടയ്ക്കു ശങ്കുച്ചാർ പറഞ്ഞു: "കുട്ടനിന്നൊരു ലക്കോട്ട് വന്നിട്ടുണ്ട് ട്ടോ. നേരത്തേ പറയാൻ വിട്ടുപോയതാ." "പിന്നെ വായിക്കാം" ഞാൻ പ്രതിവചിച്ചു.

ഈ ശങ്കുച്ചാർ ആരാണെന്നറിയേണ്ടേ? ഒരു വലിയ ധനാഢ്യനായിരുന്നു എന്നാണ് അറിവ്. കാരണവരുടെ അപ്രാപ്തികൊണ്ടോ, തറവാട്ട് സുകൃതം കൊണ്ടോ സകലതും നശിച്ചു. ഒരു മകൻ ഒഴിച്ചു സകലരും 'നടപ്പുദീനം' വന്ന് അകാലചരമമടഞ്ഞു. ആ കുരുത്തംകെട്ട മകൻ നാടുവിട്ട് പോകയും ചെയ്തു. "അവനെ ഇംഗ്ലീഷ് വായിപ്പിച്ചതാ ഇതി

നൊക്കെ കാരണം" ശങ്കുച്ചാർ സങ്കടപ്പെടാറുണ്ടായിരുന്നു. "പണം ഇല്ലാത്തവൻ പിണം" എന്ന ന്യായേന 'ശങ്കരൻനായരദ്ദേഹം' ഒരു "ശങ്കുച്ചാരായി." രണ്ടു വർഷമായിട്ടു എൻ്റെ കൂടെയാണ്. പുള്ളിക്ക് അധികഭാഷണം ഒരു അലങ്കാരമാണെന്നാണ് ധാരണ. മൂപ്പരെ ഒരു കാരണവരെന്ന നിലയിലാണ് ഞാൻ കരുതി വന്നതു്. ശങ്കുച്ചാർക്ക് എന്നോട്ട് ഒരു പുത്രനോടെന്നപോലെ വാത്സല്യമുണ്ടായിരുന്നു.

ഊണു കഴിഞ്ഞ് ഞാൻ എഴുത്തുവായന തുടങ്ങി.

സെൻട്രൽ ജയിൽ

തിരുവനന്തപുരം...........

സ്നേഹിത !

## I

നിങ്ങൾ എന്നെ മറന്നിരിക്കാം. നാം ഒരുമിച്ച് പഠിച്ചു രസിച്ച ആ കാലം—സുഖകരമായ ഹോസ്റ്റൽ ജീവിതം—സായാഹ്നങ്ങളിലെ വിഹാരരംഗങ്ങൾ...........വർഷാവസാനത്തിൽ നാം തമ്മിൽ പിരിഞ്ഞതു്—എൻ്റെ തോൽവി വിവരം അറിഞ്ഞ നിങ്ങൾ എല്ലാവരും സഹതപിച്ചതു്—മററും, മററും........... ഒരു നിശ്ശബ്ദ ചലച്ചിത്രത്തിലെന്നോണം ഈ കത്തെഴുതുന്ന സമയം, എൻ്റെ മനഃചക്ഷുക്കൾക്ക് ദൃശ്യങ്ങളായിത്തീരുന്നു. ഹാ! ആ കാലങ്ങൾ ഇങ്ങിനി വരാതവണ്ണം കഴിഞ്ഞുപോയല്ലോ—"

"ആരപ്പാ ഈ പുതിയ പ്രസംഗക്കാരൻ? ഇവനൊക്കെ വേറെ തൊഴിലൊന്നുല്ലേ? ഈ പാരതം വായിക്കുമ്പോഴേക്കും കോഴി കൂവ്വല്ലോ." ആത്മഗതമായിട്ടാണെങ്കിലും എനിക്കു കേൾക്കത്തക്കവിധത്തിലാണ് ശങ്കുച്ചാർ ഇത്രയും മുറുമുറുത്തതു്. മറിച്ചു നോക്കിയപ്പോൾ 'സുരേശൻ' എന്ന പേരാണ് എഴുത്തിൽ കണ്ടതു്. "അമ്മാവാ, ഇതു് എൻ്റെ ഒരു സ്നേഹിതൻ്റെ എഴുത്താണ്. കേൾക്കണ്ടെങ്കിൽ ഉറങ്ങിക്കോളൂ." ഇത്രയും പറഞ്ഞു ഞാൻ വായന തുടർന്നു.

"അന്നു് ഞാൻ പരീക്ഷയിൽ ഫെയിലായല്ലോ. അതിൽ പിന്നെ നിങ്ങളാരും എന്നെ കണ്ടിട്ടില്ല. വീട്ടിൽനിന്ന് കുറച്ചു രൂപയും കൈക്കലാക്കി ഒരു ദിവസം അർദ്ധരാത്രി, ഞാൻ വീടിനോടും നാടിനോടും എന്നല്ല സകലതിനോടും മൗനമായി യാത്രപറഞ്ഞു. ആലുവായിൽ എത്തി, അടുത്ത 'എക്സ്പ്രസ്സി'ന് മദ്രാസിലേക്കു തിരിച്ചു."—

ശങ്കുച്ചാരുടെ ദീർഘനിശ്വാസമാണ് എൻ്റെ ശ്രദ്ധയെ വായനയിൽനിന്നും പിന്തിരിപ്പിച്ചതു്. ഞാൻ ശങ്കുച്ചാരുടെ മുഖത്തേക്കു നോക്കി. പാവം! കരയുകയായിരുന്നു. "എൻ്റെ കുട്ടാ, എനിക്കും ഒരു മകനുണ്ടായിരുന്നു. സുരേശൻ. ഞങ്ങളാരുംതന്നെ അവനെ ഒരിക്കലും ശാസിച്ചിട്ടുപോലുമില്ല. ആ കുരുത്തംകെട്ടവൻ പുറപ്പെട്ടുപോയി. പിന്നെ കണ്ടിട്ടേയില്ല." ഈ ലേഖനകർത്താവും ശങ്കുച്ചാരുടെ മകനും ഒന്നാണോ എന്നെനിക്കു സംശയം തോന്നി. കൂടുതലായി ഓരോന്നു ചോദിച്ച് ആ വൃദ്ധഹൃദയത്തെ വേദനിപ്പിക്കണ്ട എന്നു വിചാരിച്ചു ഞാൻ മൗനം ദീക്ഷിച്ചു. "അമ്മാവനു് ക്ഷീണമുണ്ടെങ്കിൽ ഉറങ്ങിക്കോളൂ." ഞാൻ സമാധാനിപ്പിച്ചു. വായന വീണ്ടും തുടർന്നു.

## II

"മദ്രാസിലെ താമസം എനിക്കു പരമാനന്ദകരമായിരുന്നു. പണം കയ്യിൽ ധാരാളം. പിന്നെ എന്തിനാണ് വിഷമം? മണിപ്പേഴ്സിൻ്റെ ഘനം കുറഞ്ഞുതുടങ്ങിയതോടുകൂടി മനസ്സിൽ ആധിയും വളർന്നുതുടങ്ങി. ഉദ്യോഗാന്വേഷണാർത്ഥം എവിടെച്ചെന്നാലും മുതലാളിമാരുടെ "നോ വേക്കൻസി" എന്ന അട്ടഹാസങ്ങളും ഗേറ്റ്കാവല്ക്കാരുടെ കണ്ണുരുട്ടലും അല്ലാതെ യാതൊന്നുമില്ല. വളരെ പണം ട്രാം ഉടമസ്ഥന്മാർക്കും റിക്ഷാക്കാർക്കുമായി കൊടുത്തു. ഫലം നാസ്തി. ദൈവാധീനം കൊണ്ട് ഏറെതാമസിയാതെ ഒരു നൂറു രൂപ കൈക്കൂലി കൊടുത്ത് ഒരു ബാങ്കിൽ ക്ലാർക്കു ജോലി കരസ്ഥമാക്കി. മുപ്പതു് രൂപയായിരുന്നു സ്റ്റാർട്ടിംഗ്."—

"എൻ്റെ മോനും ഇതുപോലെ വല്ല ജോലീം കാണും. നന്നായി വരട്ടെ എൻ്റെ ഈശ്വരാ." ശങ്കുച്ചാർ അനുഗ്രഹിച്ചു.

"കാലക്രമേണ എനിക്കവിടെ ഒരു നല്ല നിലയായി. ഇങ്ങനെ വർഷം ഒന്നു കഴിഞ്ഞു. എനിക്കിപ്പോൾ ശമ്പളം 50 രൂപ.

പരമാനന്ദം! ആനന്ദതുന്ദിലചിത്തനായി ഞാൻ നാൾ കഴിച്ചു. താമസിയാതെ—അതെ—ആ ഒക്ടോബർ 5ന്— ഞാൻ ആ ബാങ്കിലെ ട്രഷററായി. ഇപ്പോൾ എനിക്ക് ശമ്പളം 75 രൂപയായി ഉയർന്നു. സ്ഥലം—മ

ദിരാശി പട്ടണം—നന്നാകാനും വഷളാകാനും പററിയ സ്ഥലം. കൂട്ടുകാർ വർദ്ധിച്ചു. കുറേശ്ശെ മധുപാനം തുടങ്ങി. വേറേയും ചില്ലറ കുത്സിതപ്രവൃത്തികൾ ആരംഭിച്ചു. ചിലവിന്, ശമ്പളം മതിയാകാതെ ഞാൻ വിഷമിച്ചുതുടങ്ങി. ജോലി പണമിടപെട്ടതല്ലെ? പിന്നെ എന്തിനാണ് ക്ലേശിക്കുന്നത്. 'വരുന്നേടത്തു വച്ച് കാണാം' എന്നു വിചാരിച്ച് കുറേശ്ശെ മടിശ്ശീലയിൽ കൈകടത്തി തുടങ്ങി. വഷാവസാനത്തിൽ ബാങ്കിൽ 2000 രൂപ കാണാനില്ല. ആരും അറിയുന്നതിനു മുമ്പ് ഒരു രാത്രി 3000 രൂപ കൂടി കരസ്ഥമാക്കി ഞാൻ തിരുവനന്തപുരത്തേക്കു തിരിച്ചു."—

"മഹാപാപി! അവനൊരിക്കലും ഗൊണം കിട്ടുല്ല." ശങ്കുച്ചാർ അറിയാതെ ശപിച്ചുപോയി. വായന പിന്നെയും തുടർന്നു:—

## III

"ഡ്രസ്സെല്ലാം ഒന്നു ചേഞ്ച് ചെയ്തു. ഒരു കൃത്രിമത്താടി എന്റെ മുഖത്തെ ആകപ്പാടെ മാററി. കാഷായവസ്ത്രവും യോഗദണ്ഡും എന്നെ ഒരു പരമ ഭക്തനായ സന്യാസിയാണെന്നു ലോകത്തെ ധരിപ്പിച്ചു. ലോകം, ഞാനൊരു സർവ്വസംഗപരിത്യാഗിയാണെന്നു വിശ്വസിച്ചു. രാത്രി മാത്രമെ അക്കാലങ്ങളിൽ ഞാൻ ശരിയായ രൂപത്തിൽ നടന്നിരുന്നുള്ളു. എന്റെ കൈവശമുണ്ടായിരുന്ന പണം മുഴുവനും മദ്യശാലയിലും വേശ്യാലയങ്ങളിലുമായി നഷ്ടപ്പെട്ടു. ഒരു 'ഭോഗാനന്ദ'നായ എന്നെ എല്ലാവരും 'ഭക്താനന്ദതിരുവടികൾ' എന്നാണ് സംബോധന ചെയ്തിരുന്നത്."

"എനിക്കു ധാരാളം ശിഷ്യന്മാരുണ്ടായിത്തുടങ്ങി. അവരിൽ ഒരാൾ—അവനെ ഞാൻ 'രാമൻ' എന്നാണ് വിളിച്ചുവന്നിരുന്നത്—എന്നെ ശുശ്രൂഷിക്കുന്നതിലും എന്റെ ആജ്ഞകൾ നിവ്വഹിക്കുന്നതിലും അത്യന്തം ജാഗ്രൂകനായി കാണപ്പെട്ടു. അവനെ ഞാൻ ക്രമാതീതമായി സ്നേഹിച്ചു—വിശ്വസിച്ചു. ഇതൊക്കെയാണെങ്കിലും പല കാര്യങ്ങളും ഞാൻ അവനിൽനിന്നു മറച്ചുവച്ചിരുന്നു. പണം മുഴുവൻ തിന്നുകൊണ്ട് എന്റെ രഹസ്യനടപടികൾ തുടർന്നുകൊണ്ടുപോകാൻ വിഷമം നേരിട്ടു. എനിക്കു ഒരു പ്ലാൻ തോന്നി. രാമനും അതിനോടു അനുഭാവം പ്രകടിപ്പിച്ചു."—

"അവനിനി എന്താ ചെയ്യാൻ പോണേ. അവന്റേം മറേറാന്റേം തലേൽ ഇടിത്തീ വീഴണേ." ശങ്കുച്ചാർ ഇടയ്ക്കു കയറി പറഞ്ഞു.

വായന വീണ്ടും തുടർന്നു:—

"മുൻകൂട്ടി നിശ്ചയിച്ചിരുന്നപ്രകാരം ഞാൻ തയ്യാറായി. ചില ആയുധങ്ങളെല്ലാം സജ്ജമാക്കി വച്ചിരുന്നു. നേരിട്ട് 'വിജയാ' ബാങ്കിലേക്കാണ് ഞാൻ പോയത്. അർദ്ധരാത്രി. മഴ കുറേശ്ശെ ചാറുന്നുണ്ട്. സർവ്വത്ര അന്ധകാരമയം. സൂചി വീണാൽ കേൾക്കാവുന്ന നിശ്ശബ്ദത. ഞാൻ ഒന്നു ഭയന്നു. മുന്നോട്ടുവച്ച കാൽ പുറകോട്ടു വലിക്കുന്നവനല്ലാ ഞാൻ. ബാങ്കിൽ ചെന്നുചേർന്നയുടനെ നാലുപുറവും ഞാൻ സൂക്ഷിച്ചുനോക്കി. ആരേയും കണ്ടില്ല. ലോകം മുഴുവൻ സുഖസുഷുപ്തിയിൽ ലയിച്ചിരിക്കുന്ന സമയം. രാമനെ അവിടെവച്ചു കാണാമെന്നാണ് പറഞ്ഞിരുന്നതു. പക്ഷെ അവനെ അവിടെ എങ്ങും കണ്ടില്ല. ഏതായാലും കാര്യം നടക്കട്ടെ എന്നു തിരുമാനിച്ച് ജനൽ പൊളിച്ച് അകത്തു കടന്നു. ടോർച്ചിന്റെ സഹായത്തോടുകൂടി കള്ളത്താക്കോലിട്ടു ഞാൻ ഇരുമ്പുപെട്ടി തുറന്നു. ഒരു കാഹളശബ്ദം—ചുററും ചില ഭീമകായന്മാർ—ആകപ്പാടെ ഒരു ബഹളം. രണ്ടു കയ്യിലും 'റിവോൾവർ' എടുത്ത് ഞാൻ നാലു വെടിവച്ചു. നാലു വിഹഗങ്ങൾ കൂട്ടിൽനിന്നും പറന്നുപോയി. നിഷ്പ്രയാസം ഞാൻ ബന്ധിക്കപ്പെട്ടു."—

"കണ്ടോ — ഞാമ്പറഞ്ഞില്ലേ അവനെ കൊലമരത്തിക്കേററുന്ന്. മറേറാനേം പിടിച്ചെങ്കി എന്തു രസം." ശങ്കുച്ചാർ ആത്തുവിളിച്ചു.

"പുറകിൽനിന്നു' ഒരുവൻ എന്റെ മൂർദ്ധാവിൽ ഒന്നു പ്രഹരിച്ചു. ഞാൻ പ്രജ്ഞയററു നിലംപതിച്ചു.................ബോധം വീണപ്പോൾ ഞാൻ ജയിലിലാണെന്നു എനിക്കു മനസ്സിലായി. എന്റെ കയ്യും കാലും ഇരുമ്പുചങ്ങലകളാൽ ബന്ധിക്കപ്പെട്ടിരുന്നു. കുറച്ചു സമയം കഴിഞ്ഞപ്പോൾ എന്റെ ബദ്ധവിരോധിയായ—അതെ നമ്മുടെ കൂടെ പഠിച്ചുകൊണ്ടിരുന്ന 'ശങ്കുണ്ണി' അവിടെ വന്നു. അവൻ ഹാസ്യസൂചകമായ ഒരു വിജയച്ചിരിയോടുകൂടി പറഞ്ഞു:—"ഞാനായിരുന്നു നിങ്ങളുടെ കൂടെ താമസിച്ചിരുന്ന 'രാമൻ.' ഞാൻ ഇവിടുത്തെ സി. ഐ. ഡി. ഇൻസ്പെക്ട

രാണ്." എനിക്കു യാതൊരു വിധത്തിലുള്ള പശ്ചാത്താപവും തോന്നുന്നില്ല. നിവൃത്തിയുണ്ടെങ്കിൽ ഞാൻ അവനെ നശിപ്പിക്കും.

"കേസ് വിചാരണ വരുന്ന തിങ്കളാഴ്ചയാണ്. എന്നെ തൂക്കിക്കൊല്ലുമെന്നെനിക്കറിയാം. പഴയ സ്നേഹത്തെ ഓർത്തെങ്കിലും അന്നിവിടെ വരണം. ഇതെന്റെ അവസാന പ്രാർത്ഥനയാണ്."

എന്ന്
സുരേശൻ.

## IV

പിറ്റേദിവസം ഞാൻ തിരുവനന്തപുരത്തേക്കു പോകാൻ തയ്യാറായി. ഈ എഴുത്തു കേട്ടതിന്റെ പാപപരിഹാരാർത്ഥം ഒരു വഴിപാട്ട് നേരുവാൻ തക്കവണ്ണം സങ്കുചിതമനസ്സനായ ശങ്കുച്ചാർക്കും എന്റെ കൂടെ വരുവാൻ ഒരാഗ്രഹം. ഞാൻ അനുവദിച്ചു. വയസ്സനല്ലേ.....................

വിചാരണദിവസം. വലിയ ജനബാഹുല്യം. കോടതിയിൽ, ഒരുന്നതമായ പീഠത്തിൽ ജഡ്ജി ആസനസ്ഥനായിരിക്കുന്നു. ഇരുമ്പു വളകളണിഞ്ഞ 'ഭക്താനന്ദസ്വാമി' പോലീസുകാരുടെ അകമ്പടിയോടുകൂടി എഴുന്നള്ളിയിരിക്കുന്നു. മിസ്റ്റർ ശങ്കുണ്ണി ഔദ്യോഗികവേഷത്തിൽ ഹാജരായിരിക്കുന്നു. അദ്ദേഹം സകല സംഗതികളും കോടതിയെ ധരിപ്പിച്ചു. പ്രതി എന്നെയും ശങ്കുച്ചാരേയും മാറിമാറി നോക്കുന്നുണ്ടായിരുന്നു. സന്ന്യാസിവേഷം കളഞ്ഞു ശരിയായ ആളെ പുറത്തു കാണിക്കാമെന്നു പറഞ്ഞുകൊണ്ട് ശങ്കുണ്ണി പ്രതിയുടെ സമീപത്തെത്തി. കൃത്രിമത്താടി എടുത്തതും, വിലങ്ങോടുകൂടി പ്രതി ആ സി. ഐ ഡി. പ്രവരന്റെ മൂർദ്ധാവിൽ ഒന്നടിച്ചതും ഒന്നിച്ചു കഴിഞ്ഞു. ശങ്കുണ്ണി തൽക്ഷണം തന്നെ മരിച്ചു വീണു.

ശങ്കുച്ചാർ ബോധംകെട്ടു താഴെ പതിച്ചു. അപ്പോൾ മാത്രം സുരേശൻ കരയുന്നതു ഞാൻ കണ്ടു. അയാൾ മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടു. ശങ്കുച്ചാർ സ്വബോധത്തോടുകൂടി എഴുന്നേറ്റിരുന്നു. സുരേശൻ ജയിലിലേക്കു കൊണ്ടുപോകപ്പെട്ടു. "അയ്യോ എന്റെ മോനേ എന്നെ ചതിച്ചോ" ഇത്രയും വേപഥുപൂണ്ട് ശങ്കുച്ചാർ ആക്രോശിച്ചു. പാവം പുറകോട്ടു മറിഞ്ഞു. അയാൾ പരലോകപ്രാപ്തനായി. പാവം! കൊലപാതകിയുടെ അച്ഛൻ?

M. N. NAIR,
*Class III. B. Sc.*

## Our Exohange Magazines

**(March 3rd, to October 2nd, '41.)**

1. The National College Magazine.
2. The Government Victoria College Magazine, Palghat.
3. Madras Christian College Magazine, Madras.
4. A Government College Miscellany, Mangalore.
5. St. Berchmans' College Magazine, Changanacherry.
6. St. Thomas' College, Trichur.
7. St. Paul's College Magazine, Calcutta.
8. The Zamorin's College Magazine, Calicut.
9. Loyola College Magazine, Madras.
10. Hislop College Magazine, Nagapore.
11. The Alagian Student's Magazine, Allahabad.
12. St. John's College Magazine, Agra.
13. The Ewing Christian College Magazine, Allahabad.
14. The Pudukottai College Magazine, Pudukottai.
15. The Women's Christian College Magazine, Madras.

*4th Oct., 1941.*

Printed by Mr. C. V. Mathew, at the C. M. S. Press, Kottayam,
and published by Mr. T. I. Poonen, M. A., Managing Editor, U. C. College Magazine, Alwaye.

## Our Exchange Magazines

**(March 3rd, to October 2nd, '41.)**

1. The National College Magazine.
2. The Government Victoria College Magazine, Palghat.
3. Madras Christian College Magazine, Madras.
4. A Government College Miscellany, Mangalore.
5. St. Berchmans' College Magazine, Changanacherry.
6. St. Thomas' College, Trichur.
7. St. Paul's College Magazine, Calcutta.
8. The Zamorin's College Magazine, Calicut.
9. Loyola College Magazine, Madras.
10. Hislop College Magazine, Nagapore.
11. The Alagian Student's Magazine, Allahabad.
12. St. John's College Magazine, Agra.
13. The Ewing Christian College Magazine, Allahabad.
14. The Pudukottai College Magazine, Pudukottai.
15. The Women's Christian College Magazine, Madras.

*4th Oct., 1941.*

Printed by Mr. C. V. Mathew, at the C. M. S. Press, Kottayam,
and published by Mr. T. I. Poonen, M. A., Managing Editor, U. C. College Magazine, Alwaye.